# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./എ.എൽ.പി/ബിപി/1115/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/10/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജോയിന്റ് ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്
ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ./എ.എൽ.പി/ബിപി/1115/2025 തീയ്യതി: 07/10/2025

## ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-07-2024 മുതൽ 31-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 22-08-2025 | 29-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-08-2025 | 29-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ആശ എം.വി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി ബീന എ.ഡി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജിമോൾ പി.സി., സിനീയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സിജി ജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.ഡി.മഹീന്ദ്രൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ഷിബു.കെ.എം. | സെക്രട്ടറി | 01-04-2024 | 31-03-2025 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുനിത | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 28-09-2024 |
| ശ്രീമതി.ഷീല ദേവസ്യ | ശിശു വികസന ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.ജയന്തി സി | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.മുഹമ്മ | 01-04-2024 | 31-03-2025 |
| ഡോ.ഗായത്രി.എൽ.കെ. | മെഡിക്കൽ ഓഫീസർ,റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ,ചെട്ടിക്കാട്എ.എം.ഒ. | 01-04-2024 | 31-07-2024 |
| ഡോ.പ്രവീൺ.ജി.എസ് | മെഡിക്കൽ ഓഫീസർ,റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ,ചെട്ടിക്കാട് | 01-08-2024 | 31-03-2025 |
| ശ്രീമതി.ദിഷ മണിയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2024 | 31-05-2024 |
| ശ്രീ.സജീവ്.എം.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-06-2024 | 18-06-2024 |
| ശ്രീമതി.ദിഷ മണിയൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | 19-06-2024 | 06-01-2025 |

| | | | |
|---|---|---|---|
| | എഞ്ചിനീയർ | | |
| ശ്രീമതി.ബിന്ദു.ജെ.എൽ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 07-01-2025 | 31-03-2025 |
| ശ്രീമതി.ആഭ.വി.എസ് | അസിസ്റ്റൻ്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി.സമീറ പോതുകാട്ടിൽ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2024 | 31-03-2025 |
| ശ്രീ.നജീം.എം | വ്യവസായ വികസന ഓഫീസർ | 01-04-2024 | 09-09-2024 |
| ശ്രീ.ദിലീപ് | വ്യവസായ വികസന ഓഫീസർ | 10-09-2024 | 31-03-2025 |
| ശ്രീ.ബിനീഷ്. കെ | എസ്.സി.ഡി.ഒ | 01-04-2024 | 31-03-2025 |
| ശ്രീമതി.പ്രവീണ.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 29-09-2024 | 31-03-2025 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | B4 ഷെഡ്യൂളിലെ തുക ട്രഷറിയിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ആസ്തി രജിസ്റ്ററിൽ സ്ഥലത്തിന്റെ മൂല്യം ചേർത്തിട്ടില്ല | 1-1-4 |
| 6 | വികസന ഫണ്ട് എസ്.സി.പി ചെലവ് -സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സുലേഖ ചെലവ് പത്രികയിൽ യഥാർത്ഥ ചെലവ് രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ഇ-ടെണ്ടർ തുക ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയിട്ടില്ല | 1-10 |
| 17 | സായാഹ്ന ഒ.പി.യ്ക്കായി താൽക്കാലിക ഡോക്ടർ നിയമനം-അധിക നിരക്കിൽ വേതനം നൽകി | 1-11 |
| 18 | തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ നല്കാതെ ജനപ്രതിനിധിയുടെയും ശിശുവികസന ഓഫീസറുടെയും അക്കൌണ്ടുകളിലേക്ക് നല്കുന്നു | 1-12 |
| 19 | ശിശുവികസന പദ്ധതി ഓഫീസറുടെ പ്രോജക്ടുകൾ - നികുതികൾ ഈടാക്കാതെയും കരാറിൽ അധികമായും തുക നല്കി | 1-13 |
| 20 | പ്രീ മെട്രിക് ഹോസ്റ്റൽ ട്യൂഷൻ ഫീസ് - മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ചെലവിനം | 1-14 |
| 21 | പ്രീ മെട്രിക് ഹോസ്റ്റൽ ദൈനംദിന ചെലവുകൾ - അപാകത | 1-15 |
| 22 | മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-16 |
| 23 | സെക്കന്ററി പാലിയേറ്റിവ്- ഒരേ ഇൻവോയ്സ് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് രണ്ട് തവണ തുക നൽകി | 1-17 |
| 24 | മുൻകൂറായി തുക നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-18 |
| 25 | ഭിന്നശേഷി പുനരധിവാസ കേന്ദ്രം- വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-19 |
| 26 | എ ബി സി പ്രോഗ്രാം ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-20 |
| 27 | വൃത്തി 2025- ദി ക്ലീൻ കേരള കോൺക്ളേവ് - കൈപ്പറ്റ് രശീത്, വിനിയോഗ വിവരം ഹാജരാക്കിയില്ല | 1-21 |
| 28 | തുല്യത പഠിതാക്കൾക്ക് ഫീസ് - രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല | 1-22 |
| 29 | സരസ് മേളയ്ക്ക് വിഹിതം നൽകൽ- കൈപ്പറ്റ് രസീതും,വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല | 1-23 |
| 30 | കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിയ്ക്കാത്ത പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഫൈൻ പൂർണ്ണമായി ഈടാക്കിയില്ല | 1-24 |
| 31 | ടാർ ബാരൽ വിലയും ജി.എസ്.ടിയും സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-25 |
| 32 | വാഹന വാടക - നിരക്ക് നിശ്ചയിച്ചതിലെ അപാകം മൂലം അധികച്ചെലവ് | 1-26 |
| 33 | ഹെൽത്ത് ഗ്രാന്റ് -വിനിയോഗവും ഫലപ്രാപ്തിയും | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സായാഹ്ന ഒ.പി.യ്ക്കായി താൽക്കാലിക ഡോക്ടർ നിയമനം- അധിക നിരക്കിൽ വേതനം നൽകി | 3-1 |
| 2 | ശിശുവികസന പദ്ധതി ഓഫീസറുടെ പ്രോജക്ടുകൾ - നികുതികൾ ഈടാക്കാതെയും കരാറിൽ അധികമായും തുക നല്കി | 3-2 |
| | **ഭാഗം 4** | |
| 1 | മെഡിസെപ് | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.07.2025-ലെ 2(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2025-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള അടിസ്ഥാന സാമ്പത്തിക അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 B4 ഷെഡ്യൂളിലെ തുക ട്രഷറിയിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക്പഞ്ചായത്തിന് വിവിധ സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് വിഹിതമായി ഇതുവരെ ലഭിച്ച തുകയിൽ 5,32,996/-രൂപ ചെലവഴിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ സൂക്ഷിച്ചിരുന്ന ട്രഷറി ജോയന്റ് വെഞ്ചർ അക്കൗണ്ടിൽ നിലവിൽ നീക്കിയിരുപ്പ് ഇല്ല. വാർഷിക കണക്കിലെ അപാകത പരിഹരിക്കേണ്ടതാണ്.

### 1-1-4 ആസ്തി രജിസ്റ്ററിൽ സ്ഥലത്തിന്റെ മൂല്യം ചേർത്തിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് കെട്ടിടവും അതിനോടനുബന്ധിച്ചുള്ള മറ്റ് ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളും സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ മൂല്യം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. കൂടാതെ സ്ഥാപനം ആർജ്ജിക്കുന്ന എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**1-1-5 വികസന ഫണ്ട് എസ്.സി.പി ചെലവ് -സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല**

വികസന ഫണ്ട് -എസ്.സി.പി ചെലവ് സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരം വികസന ഫണ്ട്-എസ്.സി.പി ഇനത്തിൽ ചെലവിനായി പിൻവലിക്കപ്പെട്ടിട്ടുള്ള തുക 60,50,238/-രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ഈ ഫണ്ടിൽ നിന്നുള്ള ആകെ ചെലവ് 59,82,624/-രൂപയാണ്.

**1-1-6 സുലേഖ ചെലവ് പത്രികയിൽ യഥാർത്ഥ ചെലവ് രേഖപ്പെടുത്തുന്നില്ല**

സുലേഖ ചെലവ് പത്രികയിൽ യഥാർത്ഥ ചെലവിലും വ്യത്യാസമായി ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. പ്രോജക്ട് നം. S0043/25 പ്രകാരം യഥാർത്ഥ ചെലവ് 2,20,000/- രൂപയാണ്(വികസന ഫണ്ട്-ജനറൽ). എന്നാൽ സുലേഖ ചെലവ് പത്രികയിൽ ടി പ്രോജക്ടിന്റെ ചെലവ് 2,00,000/-രൂപയാണ്. കൂടാതെ പ്രോജക്ട് നം.S0070/25 പ്രകാരം സുലേഖ പത്രികയിലെ ചെലവ് 15,39,102/-രൂപയാണ്. എന്നാൽ പഞ്ചായത്ത് വിഹിതമിനത്തിൽ ലഭിച്ച തുകയിൽ 3 ലക്ഷം രൂപയുടെ കുറവുണ്ടായിട്ടുള്ളതിനാൽ യഥാർത്ഥ ചെലവ് 12,39,102/- രൂപയാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(13/27.8.25) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

**1-2 ബജറ്റ്**

2024-25 വർഷത്തെ ബജറ്റ് 12.02.2024-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 19.03.2025-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | ₹12,21,83,864/- | ₹12,17,62,014/- |
| വാർഷികകണക്ക് (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്) പ്രകാരം | ₹7,23,35,422/- | ₹7,06,99,064/- |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 1,03,55,986 |
| വരവ് | 7,49,51,061 |
| ആകെ | 8,53,07,047 |
| ചെലവ് | 6,93,77,174 |
| നീക്കിയിരിപ്പ് | 1,59,29,873 |

**1-4 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,83,62,720 | 2,83,62,720 | 2,82,86,583 | 76,137 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 62,74,000 | 62,74,000 | 60,50,238 | 2,23,762 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 2,41,280 | 2,41,280 | 1,50,000 | 91,280 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 54,86,000 | 54,86,000 | 53,21,984 | 1,64,016 |
| ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് (ബാങ്ക്) | 10,01,276 | 1,05,72,500 | 1,15,73,776 | 72,51,533 | 43,22,243(bank) |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (ബാങ്ക്) | 41,14,392 | 4787477 + 217243 (Interest) | 91,19,112 | 59,89,910 | 31,29,202 (Bank) |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | അടങ്കൽ | നടപ്പാക്കിയ പദ്ധതികൾ | ചെലവ് | ഭാഗികമായി നടപ്പാക്കിയ പദ്ധതികൾ | പൂർത്തീകരിച്ചത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 140 | 11,92,64,859 | 137 | 6,43,05,884 | 48 | 89 | 3 | 63.57% |

**1-6 തൊഴിലുറപ്പ് പദ്ധതി**

ഇല്ല

**1-7 ക്ഷേമ പദ്ധതികൾ**

ഇല്ല

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2025 തീയതിയിൽ 3.00 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ തൻദിവസം പണമായി തുകയൊന്നുംതന്നെ വരവില്ലാത്തതാണ്.

**1-9 ആഭ്യന്തര നിയന്ത്രണം**

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.
1) ബ്ലോക്ക്പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ വിജയകരമായ പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഭൂരിപക്ഷം ഫയലുകളിലും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
2) ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വൻ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല. ഇപ്രകാരം നൽകുന്ന തുകയുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
3) അതാത് വർഷം ആർജ്ജിച്ച ആസ്തികളുടെ വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**1-10 ഇ-ടെണ്ടർ തുക ബ്ളോക്ക് പഞ്ചായത്തിന് കൈമാറിയിട്ടില്ല**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ഇ-ടെണ്ടർ പ്രകാരമുള്ള തുക ക്രെഡിറ്റു ചെയ്യുന്നതിനായി ആരംഭിച്ച എസ്.ബി.ഐ കലവൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ (എസ്.ബി.ഐ- 37762482904) 31.7.25 ൽ 67,787/- രൂപ നീക്കിയിരുപ്പുണ്ട്. ടി ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്ത് അക്കൌണ്ടിലേക്ക് അടച്ചതായി കാണുന്നില്ല. തുക കൈമാറാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നം.1/16.6.25 മറുപടി ലഭ്യമാക്കിയില്ല. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്ത് അക്കൌണ്ടിലേക്ക് അടച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-11 സായാഹ്ന ഒ.പി.യ്ക്കായി താൽക്കാലിക ഡോക്ടർ നിയമനം-അധിക നിരക്കിൽ വേതനം നൽകി**

നിർവ്വഹണം-മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മുഹമ്മ

| ക്രമ നം. | പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | മുഹമ്മ സി.എച്ച്.സി സായാഹ്ന ഒ.പി. ഡോക്ടർക്ക് വേതനം പ്രോജക്ട് നം- S0027/25 | ₹14,20,400 (₹11,88,400/- വികസന ഫണ്ട് ജനറൽ, ₹2,32,000/- ഗ്രാമ പഞ്ചായത്ത് വിഹിതം) | ₹14,17,650 (₹11,87,550/- വികസന ഫണ്ട് ജനറൽ, ₹2,30,100/- ഗ്രാമ പഞ്ചായത്ത് വിഹിതം) |
| 2 | മുഹമ്മ സി.എച്ച്.സി സായാഹ്ന ഒ.പി. ഡോക്ടർക്ക് വേതനം Spill Over പ്രോജക്ട് നം- S0079/25 | ₹1,27,400 (വികസന ഫണ്ട് ജനറൽ) | ₹1,27,400 (വികസന ഫണ്ട് ജനറൽ) |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10.07.2023-ലെ ഡി.ബി.3/143/2023/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡോക്ടർക്ക് 2023 ഏപ്രിൽ മുതൽ ധനകാര്യ വകുപ്പിന്റെ 11.02.2021-ലെ സ.ഉ(പി)നം.29/2021 ധന. ഉത്തരവ് പ്രകാരമുള്ള വേതനമാണ് നല്കേണ്ടതെന്ന് വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർമാർക്ക് പ്രതിമാസ വേതനമായി പരമാവധി 57,525/- രൂപയാണ് നല്കാവുന്നത്. എന്നാൽ മുഹമ്മ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ സായാഹ്ന ഒ.പി.യ്ക്കായി താല്ക്കാലിക അടിസ്ഥാനത്തിൽ 2 ഡോക്ടർമാരെ (ഡോ.ഗംഗാരാജ് സി.എസ്, ഡോ. നന്ദന രഘു) നിയമിച്ച് പ്രതിമാസം 63,700/- രൂപ നിരക്കിൽ വേതനം നല്കിയിരുന്നു. മേൽ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 2024 മാർച്ച് മാസത്തെ വേതനവും തൻവർഷ പ്രോജക്ട് പ്രകാരം 2024 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ വേതനവുമാണ് 63,700/- രൂപ നിരക്കിൽ നല്കിയിരിക്കുന്നത്. ഇതുമൂലം 4 മാസങ്ങളിൽ ഒരാൾക്ക് 6,175/-രൂപ (63700-57525) വീതം അധികം നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ബിൽ നം. | അധികം നൽകിയ തുക |
|---|---|---|

| | | |
|---|---|---|
| മാർച്ച് 2024 | TRN.240601000000007087/ 22.6.24, ₹127400/- | ₹12,350/- [6175 X2] |
| ഏപ്രിൽ 2024 | TRN.240601000000004741/ 28.5.24, ₹127400/- | ₹12,350/- |
| മെയ് 2024 | TRN.240601000000007089/ 22.6.24, ₹127400/- | ₹12,350/- |
| ജൂൺ 2024 | TRN.240601000000008575/ 6.7.24, ₹127400/- | ₹12,350/- |
| ആകെ അധികം നൽകിയ തുക | | ₹49,400/- |

സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി അധികനിരക്കിൽ വേതനം നല്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.9/27.8.25) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ ₹49,400/- തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

**1-12 തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ നല്കാതെ ജനപ്രതിനിധിയുടെയും ശിശുവികസന ഓഫീസറുടെയും അക്കൌണ്ടുകളിലേക്ക് നല്കുന്നു**

ആര്യാട് ബ്ലോക്ക് പഞ്ചായത്ത് ശിശു വികസന ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിൽ താഴെപ്പറയുന്ന അപാകത കാണുന്നു.

പ്രോജക്ട് നം.SOO12/25- ഭിന്നശേഷി കുട്ടികളുടെ കലോത്സവം

അടങ്കൽ - 1,00,000/- (വികസന ഫണ്ട്- പൊതുവിഭാഗം)

ചെലവ് - 1,00,000/- (ട്രഷറി ബിൽ നം.11/24.1.25)

ആര്യാട് ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിൽ നടത്തിയ മത്സരങ്ങളിൽ വിജയികളായ ഭിന്നശേഷിക്കാരുടെ ബ്ലോക്ക്തല മത്സരം (വർണ്ണപ്പറവകൾ) സംഘടിപ്പിച്ച ചെലവുകൾ.

പരിപാടി നടത്തിയ ചെലവിനത്തിൽ വിവിധ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ബില്ലുകളും വൌച്ചറുകളും ലഭ്യമാക്കിയിട്ടുണ്ട്. തുക അനുവദിക്കുന്നതു സംബന്ധിച്ച നടപടിക്രമത്തിൽ തുകകൾ അന്തിമ ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്കാണ് നല്കിയിട്ടുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും സാധനങ്ങൾ/സേവനങ്ങൾ നല്കിയിട്ടുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അക്കൌണ്ടിലേക്ക് തുക നല്കാതെ ശിശു വികസന ഓഫീസറുടെ അക്കൌണ്ടിലേക്ക് 70,000/- രൂപയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണായ സുയമോളുടെ അക്കൌണ്ടിലേക്ക് 30,000/- രൂപയും നല്കിയിരിക്കുകയാണ് ചെയ്തിട്ടുള്ളത്. വ്യക്തികളിൽനിന്നും വെള്ളക്കടലാസിലുള്ള കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ജി.ഒ.(പി) നം.147/2017/16.11.2017 ഉത്തരവ് പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്)ചട്ടം 2011, ചട്ടം 34 (4),(5) & ജി.ഒ(പി)177/2006/Fin Dtd 12.04.2006, 8.1, 8.2, 8.3 പ്രകാരവും 1,000 രൂപയ്ക്ക് മേലുള്ള എല്ലാ ചെലവുകളും ബാങ്ക് അക്കൌണ്ടിലേക്കാണ് നൽകേണ്ടത്.

മേൽ സൂചിപ്പിച്ച 1,00,000/- രൂപയുടെ ചെലവിൽ 10,000/- രൂപയ്ക്ക് മുകളിൽ ഇൻവോയ്സ്/കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ/ വ്യക്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | രേഖകൾ പ്രകാരം തുക നല്കേണ്ട പ്രധാന സ്ഥാപനങ്ങൾ/ വ്യക്തികൾ | തുക | ചെലവിനം | ഇൻവോയ്സ് നം./ബിൽ നം. |
|---|---|---|---|---|
| 1 | ജ്യോതികുമാർ പുന്നപ്ര | 10,000 | പാട്ടും പറച്ചിലും എന്ന പരിപാടിക്ക് വേതനം | കൈപ്പറ്റ് രസീത് മാത്രം |
| 2 | തുരുത്തേൽ കാറ്ററിംഗ് | 30,000 | ഭക്ഷണം | 159/21.1.25 |
| 3 | എം.ജെ.സൌണ്ട്സ് | 12,000 | ലൈറ്റ് & സൌണ്ട് | 0518/21.1.25 |
| 4 | അച്ചൂസ് ഡെക്കറേഷൻസ് | 10,000 | സ്റ്റേജ് ഡെക്കറേഷൻ | 178/21.1.25 |
| 5 | എം.എം.ജെ. സ്റ്റോർസ് | 11,802 | ചായ, സ്നാക്സ് | 472/21.1.25 |

സാധനങ്ങൾ/സേവനങ്ങൾ നല്കിയിട്ടുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അക്കൌണ്ടിലേക്ക് തുക നല്കാത്തതിനും ജനപ്രതിനിധിയുടെ അക്കൌണ്ടിലേക്ക് തുക നല്കിയിട്ടുള്ളതിനും വിശദീകരണം ആരാഞ്ഞും ഈ പദ്ധതിയ്ക്കായി വിവിധ സാധനങ്ങൾക്കും സേവനങ്ങൾക്കും ലഭ്യമായിട്ടുള്ള ക്വട്ടേഷനുകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിനുമായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18/29.8.25) മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-13 ശിശുവികസന പദ്ധതി ഓഫീസറുടെ പ്രോജക്ടുകൾ - നികുതികൾ ഈടാക്കാതെയും കരാറിൽ അധികമായും തുക നല്കി**

പ്രോജക്ട് നം.SOO21/25- വയോജന സൌഹൃദ കൂട്ടം

അടങ്കൽ - 5,00,000/- (വികസന ഫണ്ട്- പൊതുവിഭാഗം)

- 25,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)

ആകെ - 30,00,000/-

ചെലവ് - 3,67,263/-

- 228210/-

ആകെ - 5,95,473/- (വിവിധ ട്രഷറി ബില്ലുകൾ)

ബ്ലോക്കിനുകീഴിലുള്ള പഞ്ചായത്തുകളിലെ വയോജനങ്ങൾക്കുള്ള വിവിധ പദ്ധതികൾ സംയോജിപ്പിച്ച് യോഗപരിശീലനം, അദാലത്ത്, മെഡിക്കൽ ക്യാമ്പും ഉപകരണ വിതരണവും, കലാകായിക മത്സരങ്ങൾ, ഉല്ലാസയാത്ര, വിപണനമേള എന്നിവ സംഘടിപ്പിക്കുന്നതിനാണ് പദ്ധതി.

ആയതിൽ ഉല്ലാസ യാത്ര, വയോജന കലോത്സവം എന്നിവ മാത്രമാണ് സംഘടിപ്പിച്ചത്

**I. ഉല്ലാസ യാത്ര**

ഉല്ലാസയാത്രയ്ക്കായി ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ ഒരാൾക്ക് 600 രൂപ നിരക്ക് കോട്ട് ചെയ്ത ആലപ്പി ഗ്രീൻ ടൂറിസം എന്ന സ്ഥാപനത്തിന്റെ ഹൌസ്ബോട്ട് (നോൺ എ.സി.) തെരഞ്ഞടുത്തിരുന്നു. ടി ആവശ്യത്തിനായി ആലപ്പി ഗ്രീൻ ടൂറിസം എന്ന സ്ഥാപനത്തിന് (GSTIN – 32BAGPA7940E1Z6) ICICI ബാങ്ക് അക്കൌണ്ടിലേക്ക് (നം.060601503076) തുക നല്കിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ / തുക | സ്ഥാപനത്തിന്റ ബിൽ നം. | സ്ഥാപനത്തിന് നല്കിയ തുക | യാത്ര നടത്തിയ ദിവസം | അറ്റൻഡൻസ് പ്രകാരം പങ്കെടുത്തവർ |
|---|---|---|---|---|---|
| 1 | 6/25.10.25/81443/- | ബിൽ നം. ഇല്ല/21.10.24 | 72000/- (120x600) | 21.10.24 | മണ്ണഞ്ചേരി-103 |
| 2 | 7/12.11.24 - 92208/- | 125/5.11.24 | 78000/- (120x600)+ 6000 AC ചാർജ് | 4.11.24 | മുഹമ്മ-112 |
| 3 | 12/7.2.25 - 189102/- | 155/23.1.25 | 164000/- (120x600)+6000(AC ചാർജ്)+4000 (സ്നാക്സ്) X2 യാത്രകൾ | 23.1.25 27.1.25 | ആര്യാട്-118 മാരാരിക്കുളം തെക്ക്-112 |
| | ആകെ | | 3,14,000/- | | 445 |

1. സ്ഥാപനവുമായി കരാർ ചമച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. യാത്രകൾ നടത്തിയതിന്റ ഫോട്ടോ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

2. ഒരു വർഷം ആകെ 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ പ്രവർത്തികളിൽ വ്യക്തികളിൽനിന്നും 1% നിരക്കിലും സ്ഥാപനങ്ങളിൽ നിന്നും 2 % നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടതാണ്. തുക നല്കിയിട്ടുള്ളത് സ്ഥാപനത്തിനാകയാൽ തുകയുടെ 2% ആദായനികുതി ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല.

3. ലഭ്യമാക്കിയിട്ടുള്ള GST നമ്പർ പ്രകാരം ഗുണഭോക്താവിന് Regular GST രജിസ്ട്രേഷനാണുള്ളത്. ആയതിനാൽ സ്ഥാപനം ജി.എസ്.ടി. ബില്ലാണ് നല്കേണ്ടതെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. നല്കിയ തുകയിൽ നിന്നും 2% ജി.എസ്.ടി. - ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.

4. GST രജിസ്ടേഷനുള്ള സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്കാണ് തുക നല്കേണ്ടതെങ്കിലും അനൂപ് പി.കെ. എന്ന വ്യക്തിയുടെ അക്കൌണ്ടിലേക്കാണ് ( നം.060601503076/ICICI ബാങ്ക്) തുക നല്കിയിട്ടുള്ളത്.

5. അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം ഒരാൾക്ക് 600/- രൂപ നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. പങ്കെടുത്തവരുടെ അറ്റൻഡൻസ് പ്രകാരം ആകെ 445 പേർ മാത്രമാണ് 4 യാത്രകളിലായി പങ്കെടുത്തിട്ടുള്ളത്. എന്നാൽ 480 (120x4ട്രിപ്പ്) പേർക്കുള്ള തുകയാണ് സ്ഥാപനത്തിന് നല്കിയിട്ടുള്ളത്.

6. നോൺ എ.സി. ഹൌസ്ബോട്ടിനുള്ള ക്വട്ടേഷനാണ് ഗ്രാമപഞ്ചായത്ത് അംഗീകാരം നല്കിയിട്ടുള്ളതെങ്കിലും ബിൽ പ്രകാരം 3 യാത്രകൾക്ക് AC ചാർജ് ഈടാക്കിയിരിക്കുന്നു.

7. ഫയലിൽ മേൽ സൂചിപ്പിച്ചതു കൂടാതെയുള്ള വിവിധ ചെലവുകൾക്കായുള്ള ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട സ്ഥാപനത്തിന് തുക നല്കാതെ ട്രഷറി ബില്ലുകളിലെ ബാക്കി തുകകൾ സി.ഡി.പി.ഒ.യുടെ അക്കൌണ്ടിലേക്കാണ് നല്കിയിട്ടുള്ളത്. തുക അനുവദിക്കുന്നതു സംബന്ധിച്ച നടപടിക്രമത്തിൽ ജി.ഒ.(പി) നം.147/2017/16.11.2017 ഉത്തരവ് പ്രകാരം തുകകൾ അന്തിമ ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്കാണ് നല്കിയിട്ടുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും സാധനങ്ങൾ/സേവനങ്ങൾ നല്കിയിട്ടുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അക്കൌണ്ടിലേക്ക് തുക നല്കിയിട്ടില്ല. 11.6.2018 ലെ സർക്കാർ ഉത്തരവ് (പി)88/2018/ഫിൻ പ്രകാരവും സഞ്ചിതനിധിയിൽ നിന്നുള്ള ഫണ്ടുകൾ അന്തിമ ഉപഭോക്താവിന് മാത്രമേ നല്കാവൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ, ജി.ഒ.(പി) നം.147/2017/16.11.2017 ഉത്തരവ് പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്)ചട്ടം 2011, ചട്ടം 34 (4),(5) & ജി.ഒ(പി)177/2006/Fin Dtd 12.04.2006, 8.1, 8.2, 8.3 പ്രകാരവും 1,000 രൂപയ്ക്ക് മേലുള്ള എല്ലാ ചെലവുകളും ബാങ്ക് അക്കൌണ്ടിലേക്കാണ് നൽകേണ്ടത്.

8. പ്രോജക്ട് പ്രകാരം ഉല്ലാസയാത്രയ്ക്കായി ആകെ 3,00,000/- രൂപയാണ് വകയിരുത്തിയിരുന്നതെങ്കിലും 3,67,263/- രൂപ ചെലവഴിച്ചിട്ടുണ്ട്.

9. ഈ പദ്ധതിയ്ക്കായി വിവിധ സാധനങ്ങൾക്കും സേവനങ്ങൾക്കും ലഭ്യമായിട്ടുള്ള ക്വട്ടേഷനുകൾ ഓഡിറ്റിൽ

ലഭ്യമാക്കിയില്ല.

10. 23.1.25, 27.1.25 തീയതികളിലെ യാത്രകൾക്കായി നല്കിയിട്ടുള്ള ബിൽ 23.1.25-ലേതാണ്. അതായത് രണ്ടാമത്തെ യാത്രയ്ക്ക് മുമ്പ് തന്നെയുള്ള തീയതിയിലാണ് ബിൽ നല്കിയിട്ടുള്ളത്.

11. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പകൽവീട്, വയോജന പരിപാലന കേന്ദ്രങ്ങൾ എന്നീ പദ്ധതികളാണ് വയോജനങ്ങൾക്കായി നടത്താവുന്നത്. മേൽ പ്രോജക്ട് നൂതന പ്രോജക്ടായി അംഗീകാരം നേടിയിട്ടുമില്ല.

**II. വയോജന കൂട്ടായ്മ**

2025 മാർച്ച് 22, 23 തീയതികളിൽ കലവൂർ ഗവ.ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന വയോജന കലോത്സവത്തിന് (ആനന്ദം) ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ കൈപ്പറ്റ് വിവരം | സ്ഥാപനം | ചെലവിനം | തുക | തുക നല്കിയിട്ടുള്ളത് |
|---|---|---|---|---|---|
| 1 | 756/23.3.25 | കൃപ സ്റ്റുഡിയോ | ഫോട്ടോ | 10,000 | അരുൺദേവ് (ബ്ലോക്ക് മെമ്പർ) - 48160/- |
| 2 | ലെറ്റർ ഹെഡ്/23.3.25 | SH ടാക്സി ഹൌസ് | സ്റ്റേജ് ഡക്കറേഷൻ | 10,000 | |
| 3 | ലെറ്റർ ഹെഡ് | ഉത്രം പബ്ലിസിറ്റി | അനൌൺസ്മെന്റ് | 7,500 | |
| 4 | സുധീരൻ | വാഹന വാടക KL04AG-777 | മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ നിന്നും വയോജനങ്ങളെ എത്തിച്ചതിന് | 3,000 | |
| 5 | അപേക്ഷ | അരുൺദേവ് (ബ്ലോക്ക് മെമ്പർ) | ഓല, ചകിരി തുടങ്ങിയവ എത്തിച്ച ചെലവ് | 10,160 | |
| 6 | അപേക്ഷ | സുമേഷ് | ക്ലീനിംഗ് | 1,500 | |
| 7 | അരവിന്ദ് | വാഹന വാടക KL19A6558 | മുഹമ്മ പഞ്ചായത്തിൽ നിന്നും വയോജനങ്ങളെ എത്തിച്ചതിന് | 6,000 | |
| 8 | 844/22.3.25 | സ്റ്റാർ ഫ്ലവേഴ്സ് | ബൊക്കെ | 300 | ഷീല ദേവസ്യ (സി.ഡി.പി.ഒ.) 11080/- |
| 9 | 11/23.3.25 | ശ്രീജ വെസൽസ് | വെള്ളം | 780 | |
| 10 | കൈപ്പറ്റ് രസീത് | രാമകൃഷ്ണൻ | പത്രസമ്മേളന ചെലവ് | 2,000 | |
| 11 | കൈപ്പറ്റ് രസീത് | ഹോണറേറിയം | 4ജഡ്ജസിന് | 8,000 | |
| 12 | കൈപ്പറ്റ് രസീത് | ഹോണറേറിയം | 8ജഡ്ജസിന് | 16,000 | ശരവണൻ റ്റി.കെ. (ബ്ലോക്ക് മെമ്പർ) 16000/- |
| 13 | 190/23.3.25 | വൈശാഖ് ലൈറ്റ് & സൌണ്ട് | സൌണ്ട് സിസ്റ്റം വാടക | 19,000 | വൈശാഖ് ലൈറ്റ് & സൌണ്ട് - 19000/- |
| 14 | 84/തീയതി ഇല്ല | എസ്.കെ.സ്പോർട്സ് | മൊമെന്റോ, ട്രോഫി | 24,370 | സാജുമോൻ - എസ്.കെ.സ്പോർട്സ് - 24370/- |
| 15 | 124/22.3.25 | നെൻകോ പ്രിന്റ് ഹൌസ് | ഫ്ലക്സ്, നോട്ടീസ് പ്രിന്റിംഗ് | 16,400 | നെൻകോ പ്രിന്റ് 16400/- |
| 16 | 231/22.3.25 | ജനകീയ ഭക്ഷണശാല, കണ്ണാർകാട്, പൊന്നാട് | ഭക്ഷണ വിതരണം- 22.3.25-45800/- 23.3.25-47700/- | 93,200 | കൃഷ്ണപിള്ള സ്മാരക ട്രസ്റ്റ് - 93200/- |
| | | ആകെ | | 2,28,210/- | |

1. തുക അനുവദിക്കുന്നതു സംബന്ധിച്ച നടപടിക്രമത്തിൽ ജി.ഒ.(പി) നം.147/2017/16.11.2017 ഉത്തരവ് പ്രകാരം തുകകൾ അന്തിമ ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്കാണ് നല്കിയിട്ടുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും സാധനങ്ങൾ/സേവനങ്ങൾ നല്കിയിട്ടുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അക്കൌണ്ടിലേക്ക് തുക നല്കാതെ മേൽ സൂചിപ്പിച്ചിട്ടുള്ളതു പ്രകാരം ജനപ്രതിനിധികളുടെയും സി.ഡി.പി.ഒ.യുടെയും അക്കൌണ്ടിലേക്കാണ് തുക നല്കിയിട്ടുള്ളത്.

ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് ധനവകുപ്പ് 12.04.06 ൽ പുറത്തിറക്കിയ ജി.ഒ.(പി) നം.177/2006/ഫിൻ, തുടർന്ന് ഈ ഉത്തരവിന് ഭേദഗതികൾ നിർദ്ദേശിച്ചു കൊണ്ട് 21.03.15 ലെ ജി.ഒ.(പി) നം.119/2015 /ഫിൻ ആയി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരവും, 1000/- രൂപയ്ക്ക് മുകളിലുള്ള എല്ലാ ചെലവുകളും അക്കൌണ്ടിലൂടെ മാത്രമേ നൽകാവു എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ പട്ടിക പ്രകാരം 1000 രൂപയ്ക്ക് മുകളിലുള്ള വിവിധ ചെലവുകൾ ബന്ധപ്പെട്ടവരുടെ അക്കൌണ്ടിൽ നൽകിയിട്ടില്ല.

2. ജനകീയ ഭക്ഷണശാല, കണ്ണാർകാട്, പൊന്നാടിന്റെ അക്കൌണ്ടിലേക്ക് തുക നല്കാതെ കൃഷ്ണപിള്ള സ്മാരക ട്രസ്റ്റിന് 93,200/- രൂപ നല്കിയിരിക്കുന്നു.

3. 1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം കാറ്ററിംഗ് വർക്കുകളിൽ ഒരു സാമ്പത്തിക വർഷം ആകെ ₹1,00,000/- ക്ക് മുകളിലോ ഒറ്റത്തവണ ₹30,000 ക്ക് മുകളിലോ പ്രതിഫലം നൽകുന്ന പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1 % നിരക്കിലും മറ്റുള്ളവരിൽ നിന്നും 2 % നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടതാണ്. ഇതു പ്രകാരം നല്കിയിട്ടുള്ള തുകയുടെ 2% ആദായനികുതി ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല.

4. നടന്ന വയോജന കലോത്സവത്തിന്റെ ഫോട്ടോകൾ പ്രകാരം കലവൂർ ഗവ.ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചാണ് പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. ആയതിന് പന്തൽ ഇടുന്നതിനുള്ള തുക നല്കിയിരിക്കുന്നു. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഫോട്ടോകൾ പ്രകാരം പന്തൽ ഇട്ടിട്ടില്ലാത്തതുമാണ്.

ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഫോട്ടോകൾ പ്രകാരം 50-100 പേർ മാത്രമാണ് സമ്മേളനത്തിലും പരിപാടികളിലും പങ്കെടുത്തിട്ടുള്ളത്. എന്നാൽ ഭക്ഷണവിതരണം നടത്തിയ സ്ഥാപനത്തിന്റെ ബിൽ പ്രകാരം രണ്ട് ദിവസവും യഥാക്രമം 275, 300 പേർക്ക് ഉച്ചഭക്ഷണം (അത്രയുംതന്നെ ഇറച്ചിക്കറിയും മീൻകറിയും ഉൾപ്പെടെ) വിതരണം ചെയ്തതിനാണ് ബിൽ നല്കിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം തേടി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/29.8.25) മറുപടി ലഭ്യമാക്കിയില്ല.
ജനകീയ ഭക്ഷണശാല - പൊന്നാട്, ആലപ്പി ഗ്രീൻ ടൂറിസം എന്നീ സ്ഥാപനങ്ങൾക്ക് ബാധകമായ 2% ആദായനികുതി 8144 രൂപ (314000x2%+ 93200x2%= 6280 + 1864 ) ഈടാക്കി അറിയിക്കേണ്ടതാണ്.
ഉല്ലാസ യാത്രയ്ക്ക് 35 പേർക്കായി (480-445) അധികം നല്കിയ 21,000/- (35x 600) രൂപ തിരികെ ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.
കാറ്ററിംഗ് സ്ഥാപനത്തിന് തുക നല്കാതെ കൃഷ്ണപിള്ള സ്മാരകത്തിന് നല്കിയ 93,200/- രൂപയും സ്ഥാപനങ്ങൾ ബിൽ നല്കിയിട്ടും ജനപ്രതിനിധികളുടെ അക്കൌണ്ടിലേക്ക് നല്കിയ 64,160/-(48160+16000) രൂപയും ഉൾപ്പെടെ 1,57,360/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
മറ്റ് അപാകതകൾക്ക് തൃപ്തികരമായ വിശദീകരണവും രേഖകളും ഹാജരാക്കേണ്ടതാണ്.

**1-14 പ്രീ മെട്രിക് ഹോസ്റ്റൽ ട്യൂഷൻ ഫീസ് - മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ചെലവിനം**

2024-25 സാമ്പത്തിക വർഷം പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

കലവൂർ പ്രീ മെട്രിക് ഹോസ്റ്റലിൽ ട്യൂഷൻ ടീച്ചർമാരായി ഹൈസ്കൂൾ വിഭാഗത്തിൽ പ്രതിമാസം 6,000 രൂപ നിരക്കിൽ 6 പേരെയും, യു.പി. വിഭാഗത്തിൽ പ്രതിമാസം 4,500 രൂപ നിരക്കിൽ 2 പേരെയും നിയമിച്ചിട്ടുണ്ട്. മാസം കുറഞ്ഞത് 30 മണിക്കൂർ ക്ലാസുകൾ കൈകാര്യം ചെയ്യണം. താഴെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം ട്യൂഷൻ ഫീസിനത്തിൽ തുക ചെലവഴിച്ചു.

(1) പ്രോജക്ട് നം - S 0068/25 (സ്പിൽ ഓവർ)

പ്രോജക്ടിന്റെപേര് - പ്രീ മെട്രിക് ഹോസ്റ്റൽ ട്യൂഷൻ ഫീസ്

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്(എസ്.സി.പി) | 34,050 | 34,050 |

2024 മാർച്ച് മാസം 8 ടീച്ചർമാരും ക്ലാസുകൾ കൈകാര്യം ചെയ്തതിന്റെ വൌച്ചർ പ്രീ മെട്രിക് ഹോസ്റ്റൽ വാർഡൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ, 8 പേരുടെയും ബാങ്ക് അക്കൌണ്ടുകളിലേയ്ക്ക് ഒട്ടാകെ 34,050 രൂപ നൽകി(ട്രഷറി ബിൽ ബുക്ക് നം.2/24-25 /22.05.24 തുക.34050).

(2) പ്രോജക്ട് നം - S 0035/25

പ്രോജക്ടിന്റെപേര് - പ്രീ മെട്രിക് ഹോസ്റ്റൽ ട്യൂഷൻ ഫീസ്

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്(എസ്.സി.പി) | 400000 | 376950 |

8 ടീച്ചർമാരും ക്ലാസുകൾ കൈകാര്യം ചെയ്തതിന്റെ വൌച്ചർ പ്രീ മെട്രിക് ഹോസ്റ്റൽ വാർഡൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ, താഴെ ചേർക്കും പ്രകാരം 8 പേർക്കുമായി തുക അനുവദിച്ച് നൽകി.

| ക്രമ നം. | ക്ലാസുകൾ കൈകാര്യം ചെയ്ത മാസം | 8 പേർക്കുമായി നൽകിയ തുക | ട്രഷറി ബിൽ ബുക്ക് നം./ തീയതി |
|---|---|---|---|
| 1 | 06/2024 | 29,600 | 7/24-25/09.08.24 |
| 2 | 07/2024 | 49,500 | 11/24-25/30.08.24 |
| 3 | 08/2024 | 47,200 | 14/24-25/20.09.24 |
| 4 | 09/2024 | 37,900 | 19/24-25/01.11.24 |
| 5 | 10/2024 | 45,000 | 22/24-25/15.11.24 |
| 6 | 11/2024 | 43,800 | 28/24-25/15.12.24 |
| 7 | 12/2024 | 40,100 | 32/24-25/17.01.25 |
| 8 | 02/2025 | 42,650 | 42/24-25/12.03.25 |
| 9 | 03/2025 | 41,200 | 49/24-25/22.03.25 |
| ആകെ | | 3,76,950 | |

അപാകത താഴെ ചേർക്കുന്നു.

1) ക്രമ നം.1, 2 പ്രകാരം ട്യൂഷൻ ഫീസിനത്തിൽ തുക കൈപ്പറ്റിയ 8 ട്യൂഷൻ ടീച്ചർമാരുടെയും ഹാജർ വിവരം ബന്ധപ്പെട്ട അധ്യാപകർ തന്നെ നോട്ട് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയാണ് നിലവിൽ ചെയ്യുന്നത്.
2) ട്യൂഷൻ ഫീസിനത്തിൽ തുക ചെലവഴിക്കുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശമില്ല.
വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 2/26.08.25) മറുപടി ലഭ്യമാക്കിയില്ല.
സർക്കാർ സബ്സിഡി മാർഗ്ഗരേഖയിൽ (സർക്കാർ ഉത്തരവ് (കൈ) നം. 115/2022/Lsgd Dtd 28.05.2022) ഉൾപ്പെടാത്ത ചെലവിനത്തിലെ ക്രമ നം. 1 ലെ 34,050 രൂപയും ക്രമ നം. 2 ലെ 3,76,950 രൂപയും ഉൾപ്പടെ 4,11,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-15 പ്രീ മെട്രിക് ഹോസ്റ്റൽ ദൈനംദിന ചെലവുകൾ - അപാകത**

2024-25 സാമ്പത്തിക വർഷം പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം ചെയ്ത പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

I) പ്രോജക്ട് നം - S 0069/25 (സ്പിൽ ഓവർ)

പ്രോജക്ടിന്റെപേര് - പ്രീ മെട്രിക് ഹോസ്റ്റൽ ദൈനംദിന ചെലവുകൾ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്(എസ്.സി.പി) | 33,579 | 33,564 |

കലവൂർ പ്രീ മെട്രിക് ഹോസ്റ്റലിന്റെ ദൈനംദിന ചെലവുകൾക്കായി ഹോസ്റ്റൽ വാർഡൻ ഹാജരാക്കിയ വൌച്ചറുകളുടെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിട്ടുള്ളതു പ്രകാരം വ്യക്തി/ സ്ഥാപനങ്ങളുടെ അക്കൌണ്ടിൽ 33,564 രൂപ നൽകി.

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | കൈപ്പറ്റിയ തുക | ട്രഷറി ബിൽ ബുക്ക് നം./ തീയതി |
|---|---|---|---|---|
| 1 | പ്രൊവിഷൻസ് | ത്രിവേണി സൂപ്പർമാർക്കറ്റ് | 17,208 | |
| 2 | പച്ചക്കറി | ഹോർട്ടികോർപ്പ് | 8,903 | |
| 3 | പാൽ,തൈര് | സുധാകരൻ | 2,653 | |
| 4 | പോക്കറ്റ്മണി | 15 വിദ്യാർത്ഥികൾക്ക് 270 രൂപ വീതം | 4,050 | |
| 5 | കേബിൾ ചാർജ് | സ്പെക്ട്രം ഡിജിനെറ്റ് | 750 | |
| ആകെ | | | 33,564 | 3/24-25 /22.05.24 |

II) പ്രോജക്ട് നം - S 0037/25

പ്രോജക്ടിന്റെപേര് - പ്രീ മെട്രിക് ഹോസ്റ്റൽ ദൈനംദിന മറ്റ് അനുബന്ധ ചെലവുകൾ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്(എസ്.സി.പി) | 8,34,000 | 7,75,412 |

കലവൂർ പ്രീ മെട്രിക് ഹോസ്റ്റലിന്റെ ദൈനംദിന ചെലവുകൾക്കായി ഹോസ്റ്റൽ വാർഡൻ ഹാജരാക്കിയ വൌച്ചറുകളുടെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിട്ടുള്ളതു പ്രകാരം വ്യക്തി/ സ്ഥാപനങ്ങളുടെ അക്കൌണ്ടിൽ തുക നൽകി.

(1)

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | കൈപ്പറ്റിയ തുക | ട്രഷറി ബിൽ ബുക്ക് നം./ തീയതി |
|---|---|---|---|---|
| 1 | പ്രൊവിഷൻസ് | ത്രിവേണി സൂപ്പർമാർക്കറ്റ് | 13,027 | |
| 2 | പാൽ, തൈര് | സുധാകരൻ | 2,282 | |
| 3 | പോക്കറ്റ്മണി | 16 വിദ്യാർത്ഥികൾക്ക് 270 രൂപ വീതം | 4,320 | |
| 4 | കേബിൾ ചാർജ്, നെറ്റ് ചാർജ് | സ്പെക്ട്രം ഡിജിനെറ്റ് | 3,560 | |

| | | | | |
|---|---|---|---|---|
| 5 | മറ്റ് ചെലവ് | ഹോസ്റ്റൽ വാർഡൻ | 7,155 | |
| ആകെ | | | 30,344 | 48/24-25 /22.03.25 |

(2)

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | കൈപ്പറ്റിയ തുക | ട്രഷറി ബിൽ ബുക്ക് നം. |
|---|---|---|---|---|
| 1 | പ്രൊവിഷൻസ് | ത്രിവേണി സൂപ്പർമാർക്കറ്റ് | 17,631 | |
| 2 | പാൽ, തൈര് | സുധാകരൻ | 3,241 | |
| 3 | പോക്കറ്റ്മണി | 18 വിദ്യാർത്ഥികൾക്ക് 270 രൂപ വീതം | 4,860 | |
| 4 | മറ്റ് ചെലവ് | ഹോസ്റ്റൽ വാർഡൻ | 11,515 | |
| 5 | പച്ചക്കറി | ഹോർട്ടികോർപ്പ് | 12,315 | |
| ആകെ | | | 49,562 | 43/24-25 /12.03.25 |

(3)

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | കൈപ്പറ്റിയ തുക | ട്രഷറി ബിൽ ബുക്ക് നം. |
|---|---|---|---|---|
| 1 | പ്രൊവിഷൻസ് | ത്രിവേണി സൂപ്പർമാർക്കറ്റ് | 21,688 | |
| 2 | പാൽ, തൈര് | സുധാകരൻ | 2,996 | |
| 3 | പോക്കറ്റ്മണി | 18 വിദ്യാർത്ഥികൾക്ക് 270 രൂപ വീതം | 4,860 | |
| 4 | മറ്റ് ചെലവ് | ഹോസ്റ്റൽ വാർഡൻ | 8,240 | |
| 5 | പച്ചക്കറി | ഹോർട്ടികോർപ്പ് | 13,592 | |
| 6 | കേബിൾ ചാർജ് | സ്പെക്ട്രം ഡിജിനെറ്റ് | 1,750 | |
| ആകെ | | | 53,126 | 31/24-25 /17.01.25 |

(4)

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | കൈപ്പറ്റിയ തുക | ട്രഷറി ബിൽ ബുക്ക് നം. |
|---|---|---|---|---|
| 1 | പ്രൊവിഷൻസ് | ത്രിവേണി സൂപ്പർമാർക്കറ്റ് | 24,797 | |
| 2 | പാൽ, തൈര് | സുധാകരൻ | 5,075 | |
| 3 | പോക്കറ്റ്മണി | 19 വിദ്യാർത്ഥികൾക്ക് 270 രൂപ വീതം | 5,130 | |
| 4 | മറ്റ് ചെലവ് | ഹോസ്റ്റൽ വാർഡൻ | 22,549 | |
| 5 | പച്ചക്കറി | ഹോർട്ടികോർപ്പ് | 13,809 | |
| ആകെ | | | 71,360 | 27/24-25 /19.12.24 |

(5)

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | കൈപ്പറ്റിയ തുക | ട്രഷറി ബിൽ ബുക്ക് നം. |
|---|---|---|---|---|
| 1 | പ്രൊവിഷൻസ് | ത്രിവേണി | 22,547 | |

| | | | | |
|---|---|---|---|---|
| | | സൂപ്പർമാർക്കറ്റ് | | |
| 2 | പാൽ,തൈര് | സുധാകരൻ | 5,320 | |
| 3 | പോക്കറ്റ്മണി | 21 വിദ്യാർത്ഥികൾക്ക് 270 രൂപ വീതം | 5,670 | |
| 4 | മറ്റ് ചെലവ് | ഹോസ്റ്റൽ വാർഡൻ | 12,783 | |
| 5 | പച്ചക്കറി | ഹോർട്ടികോർപ്പ് | 13,907 | |
| 6 | വാട്ടർ പ്യൂരിഫയർ റിപ്പയർ ചാർജ് | അക്വാനീറ്റ ഇൻഡസ്ട്രീസ് | 2,000 | |
| ആകെ | | | 62,227 | 23/24-25 /19.11.24 |

(6)

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | കൈപ്പറ്റിയ തുക | ട്രഷറി ബിൽ ബുക്ക് നം. |
|---|---|---|---|---|
| 1 | പ്രൊവിഷൻസ് | ത്രിവേണി സൂപ്പർമാർക്കറ്റ് | 20,495 | |
| 2 | പാൽ, തൈര് | സുധാകരൻ | 4,438 | |
| 3 | പോക്കറ്റ്മണി | 21 വിദ്യാർത്ഥികൾക്ക് 270 രൂപ വീതം | 5,670 | |
| 4 | മറ്റ് ചെലവ് | ഹോസ്റ്റൽ വാർഡൻ | 23,866 | |
| 5 | പച്ചക്കറി | ഹോർട്ടികോർപ്പ് | 15,146 | |
| 6 | ഇൻസിനറേറ്റർ | ബ്ലേസ് ഹൈജീനിക് ഡിവൈസസ്, കൊച്ചി | 25,960 | |
| ആകെ | | | 95,575 | 20/24-25 /11.11.24 |

(7)

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | കൈപ്പറ്റിയ തുക | ട്രഷറി ബിൽ ബുക്ക് നം. |
|---|---|---|---|---|
| 1 | ബെഡ്ഷീറ്റ്, പില്ലോകവർ | കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ | 25,011 | |
| 2 | നൈറ്റ്ഡ്രസ് | കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ | 25,410 | |
| 3 | യൂണിഫോം | കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ | 38,052 | |
| ആകെ | | | 88,473 | 17/24-25 /16.10.24 |

(8)

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | കൈപ്പറ്റിയ തുക | ട്രഷറി ബിൽ ബുക്ക് നം. |
|---|---|---|---|---|
| 1 | പ്രൊവിഷൻസ് | ത്രിവേണി | 27,794 | |

| | | | | |
|---|---|---|---|---|
| | | സൂപ്പർമാർക്കറ്റ് | | |
| 2 | പാൽ, തൈര് | സുധാകരൻ | 6,440 | |
| 3 | പോക്കറ്റ്മണി | 19 വിദ്യാർത്ഥികൾക്ക് 270 രൂപ വീതം | 5,130 | |
| 4 | മറ്റ് ചെലവ് | ഹോസ്റ്റൽ വാർഡൻ | 17,860 | |
| 5 | പച്ചക്കറി | ഹോർട്ടികോർപ്പ് | 17,430 | |
| 6 | ഇലക്ട്രിക്കൽ മെയിന്റനൻസ് | പവർ ഓൺ ഇലക്ട്രിക്കൽസ് | 750 | |
| ആകെ | | | 75,404 | 16/24-25 /16.10.24 |

(9)

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | കൈപ്പറ്റിയ തുക | ട്രഷറി ബിൽ ബുക്ക് നം. |
|---|---|---|---|---|
| 1 | മറ്റ് ചെലവ് | ഹോസ്റ്റൽ വാർഡൻ | 9,022 | |
| 2 | കുടിവെള്ള കണക്ഷൻ- ലേബർ ചാർജ്, ഉപകരണങ്ങൾ | എ.റഫീഖ്(പ്ലംബർ) | 11,712 | |
| ആകെ | | | 20,734 | 15/24-25 /16.10.24 |

(10)

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | കൈപ്പറ്റിയ തുക | ട്രഷറി ബിൽ ബുക്ക് നം. |
|---|---|---|---|---|
| 1 | പ്രൊവിഷൻസ് | ത്രിവേണി സൂപ്പർമാർക്കറ്റ് | 39,971 | |
| 2 | പാൽ, തൈര് | സുധാകരൻ | 6,566 | |
| 3 | പോക്കറ്റ്മണി | 23 വിദ്യാർത്ഥികൾക്ക് 270 രൂപ വീതം | 6,210 | |
| 4 | മറ്റ് ചെലവ് | ഹോസ്റ്റൽ വാർഡൻ | 23,036 | |
| 5 | പച്ചക്കറി | ഹോർട്ടികോർപ്പ് | 21,891 | |
| ആകെ | | | 97,674 | 11/24-25 /30.08.24 |

(11)

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | കൈപ്പറ്റിയ തുക | ട്രഷറി ബിൽ ബുക്ക് നം. |
|---|---|---|---|---|
| 1 | പ്രൊവിഷൻസ് | ത്രിവേണി സൂപ്പർമാർക്കറ്റ് | 45,177 | |
| 2 | പാൽ, തൈര് | സുധാകരൻ | 4,872 | |
| 3 | പോക്കറ്റ്മണി | 23 വിദ്യാർത്ഥികൾക്ക് 270 രൂപ വീതം | 6,210 | |
| 4 | മറ്റ് ചെലവ് | ഹോസ്റ്റൽ വാർഡൻ | 18,305 | |
| 5 | പച്ചക്കറി | ഹോർട്ടികോർപ്പ് | 15,764 | |
| 6 | ഇലക്ട്രിക്കൽ മെയിന്റനൻസ് | പവർ ഓൺ ഇലക്ട്രിക്കൽസ് | 3,000 | |
| 7 | ബാഗ് അലവൻസ് | 23 വിദ്യാർത്ഥികൾക്ക് 300 രൂപ വീതം | 6,900 | |

| | | | | |
|---|---|---|---|---|
| 8 | ചെരുപ്പ് അലവൻസ് | 23 വിദ്യാർത്ഥികൾക്ക് 300 രൂപ വീതം | 6,900 | |
| ആകെ | | | 1,07,128 | 8/24-25 /09.08.24 |

(12)

| ക്രമ നം. | ഇനം | തുക കൈപ്പറ്റിയ സ്ഥാപനം/ വ്യക്തി | കൈപ്പറ്റിയ തുക | ട്രഷറി ബിൽ ബുക്ക് നം. |
|---|---|---|---|---|
| 1 | മറ്റ് ചെലവ് | ഹോസ്റ്റൽ വാർഡൻ | 22,461 | |
| 2 | പാൽ | സുധാകരൻ | 1,344 | |
| ആകെ | | | 23,805 | 5/24-25 /25.07.24 |

അപാകത താഴെ ചേർക്കുന്നു.

എ) വികസന ഫണ്ട് (എസ്.സി.പി) യിൽ നിന്നും തുക വകയിരുത്തിയ മേൽ 2 പ്രോജക്ടുകളിൽ നിന്നും പ്രീ മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് പോക്കറ്റ്മണി ഇനത്തിൽ 270 രൂപ വീതം നൽകിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| മേൽ പട്ടികകൾ പ്രകാരമുള്ള ക്രമ നം | നൽകിയ തുക |
|---|---|
| I | 4,050 |
| II (1) | 4,320 |
| II(2) | 4,860 |
| II(3) | 4,860 |
| II(4) | 5,130 |
| II(5) | 5,670 |
| II(6) | 5,670 |
| II(8) | 5,130 |
| II(9) | 9,022 |
| II(10) | 6,210 |
| II(11) | 6,210 |
| ആകെ | 61,132 |

വികസന ഫണ്ട്(എസ്.സി.പി) നിന്നും ഇപ്രകാരം തുക ചെലവഴിക്കുന്നതിന് സബ്സിഡി മാർഗരേഖയിൽ നിർദ്ദേശമില്ല. ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ്നിലവിലുണ്ടെങ്കിൽ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ഹാജരാക്കിയില്ല.

ബി) ഹോസ്റ്റലിന്റെ സുഗമമായ പ്രവർത്തനത്തിനായി വാർഡൻ സ്വന്തമായി ചെലവഴിച്ച തുക, ഹോസ്റ്റൽ വാർഡന്റെ അക്കൌണ്ടിൽ 1,76,792 രൂപ നൽകി.ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് ധനവകുപ്പ് 12.04.06 ൽ പുറത്തിറക്കിയ ജി.ഒ.(പി) നം.177/2006/ഫിൻ, തുടർന്ന് ഈ ഉത്തരവിന് ഭേദഗതികൾ നിർദ്ദേശിച്ചു കൊണ്ട് 21.03.15 ലെ ജി.ഒ.(പി) നം.119/2015 /ഫിൻ ആയി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരവും, 1000/- രൂപയ്ക്ക് മുകളിലുള്ള എല്ലാ ചെലവുകളും അക്കൌണ്ടിലൂടെ മാത്രമേ നൽകാവു എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ പട്ടിക പ്രകാരം ഹോസ്റ്റൽ വാർഡന് നൽകിയ 1,76,792 രൂപയിൽ 1,000 രൂപയ്ക്ക് മുകളിലുള്ള വിവിധചെലവുകൾ ബന്ധപ്പെട്ടവരുടെ അക്കൌണ്ടിൽ നൽകിയിട്ടില്ല. എല്ലാ ചെലവുകളും ഹോസ്റ്റൽ വാർഡൻ നേരിട്ട് ചെലവഴിച്ച ശേഷം, പ്രോജക്ടിൽ നിന്നും തുക ഹോസ്റ്റൽ വാർഡന്റെ അക്കൌണ്ടിലേക്ക് മാറി നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സി) ക്രമ നം.II(9) പ്രകാരം, കുടിവെള്ള കണക്ഷൻ ഇനത്തിൽ ലേബർ ചാർജ്, ഉപകരണങ്ങളുടെ വില എന്നിവയ്ക്കായി എ.റഫീഖിന് (പ്ലംബർ) 11,712 രൂപ നൽകി. 1.10.24-ൽ എ.റഫീഖ് നൽകിയ അപേക്ഷയിൽ, കലവൂർ പ്രീ മെട്രിക് ഹോസ്റ്റലിലേയ്ക്ക് പുതുതായി വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റഡ് തുകയിൽ നിന്നും അധികരിച്ച ലേബർ ചാർജും അനുബന്ധ ഉപകരണങ്ങളുടെയും തുകയായ, മീറ്ററിന് 192 രൂപ നിരക്കിൽ 61 മീറ്ററിന് 11,712 രൂപ അനുവദിച്ച് നൽകണമെന്ന് അപേക്ഷിച്ചു. എന്നാൽ ഉപകരണങ്ങൾ വാങ്ങിയതിന്റെ ബില്ല് ഹാജരാക്കിയിട്ടില്ല.

ഡി) ക്രമ നം.1 ,II ലെ പട്ടികകൾ പ്രകാരം, ത്രിവേണി സൂപ്പർമാർക്കറ്റ്, ഹോർട്ടികോർപ്പ് എന്നിവിടങ്ങളിൽ നിന്നും പ്രൊവിഷൻ, പച്ചക്കറി എന്നിവ വാങ്ങിയത് ബിൽ നം., തീയതി എന്നിവ രേഖപ്പെടുത്തി സ്റ്റോക്കിലെടുത്തിട്ടില്ല. രജിസ്റ്റർ പ്രകാരം ഓരോ പേജിലും ഓരോ ഇനം രേഖപ്പെടുത്തി ലഭിച്ചതും ഉപയോഗിച്ചതും നീക്കിയിരുപ്പ് വിവരവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങളുടെ ബിൽ നം., തീയതി, ഇനം, തുക എന്നിവ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

ഇ) 08.11.2010 ലെ ജി.ഒ(പി) 259/2010/ത.സ്വ.ഭ.വ നം.സർക്കാർ ഉത്തരവ് പ്രകാരം, മതിപ്പു വില 5,000 രൂപയ്ക്ക് മുകളിലും 50,000 രൂപയിൽ താഴെയും ഉള്ള എല്ലാ വാങ്ങലുകളും ലോക്കൽ ഷോപ്പിംഗ് (ക്വട്ടേഷൻ മുഖേന) വഴിയാണ് നടത്തേണ്ടത്. ആയതിന് അറിയപ്പെടുന്ന വിതരണക്കാരിൽ നിന്നും കുറഞ്ഞത് 3 ക്വട്ടേഷനുകൾ സ്വീകരിക്കേണ്ടതാണ്. ക്രമ നം.II(6) പ്രകാരം, ബ്ലേസ് ഹൈജീനിക് ഡിവൈസസ്,കൊച്ചി യിൽ നിന്നും 25,960 രൂപ ചെലവഴിച്ച് ഇൻസിനറേറ്റർ വാങ്ങി. എന്നാൽ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം. 1/25.08.25 ) മറുപടി

ലഭ്യമാക്കിയില്ല. മാർഗ്ഗരേഖയിൽ ഇല്ലാത്ത പ്രവൃത്തിയ്ക്കായി ക്രമ നം.(എ)) പ്രകാരം ചെലവഴിച്ച 61,132/- രൂപ, ക്രമ നം.(സി) പ്രകാരം ചെലവഴിച്ച 11,712/- രൂപ, ക്രമ നം.(ഇ) പ്രകാരം ചെലവഴിച്ച 25,960/- രൂപ, ഒട്ടാകെ 98,804/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-16 മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല**

പ്രോജക്ട് നം - S0114/25 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ വിവിധ പൈപ്പ് ലൈൻ പ്രവൃത്തികൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 7,92,400 | 7,49,900 |

മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി പൈപ്പ് ലൈൻ പ്രവൃത്തികൾക്കായി പി.എച്ച്.ഡിവിഷൻ, ആലപ്പുഴ, എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി നൽകിയ 7,49,900 രൂപയുടെ എസ്റ്റിമേറ്റിന്റെ (WRD/KWA-CE(CR)/EST/6709/2023-5-1-1) അടിസ്ഥാനത്തിൽ, എസ്.ബി.ഐ. എ.ഡി.ബി. ബ്രാഞ്ചിലെ 10449288175 നം. അക്കൗണ്ടിൽ തുക അനുവദിച്ച് നൽകി( വൌച്ചർ നം. XVFC/2024-25/P/28/27.02.25).

അപാകത താഴെ ചേർക്കുന്നു.

1) ഹാജരാക്കിയ കരാറിന്റെ പകർപ്പിൽ കരാർ നം., തീയതി ചേർത്തിട്ടില്ല.

2) കരാറിൽ വാട്ടർ അതോറിറ്റിക്ക് വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒപ്പുവെച്ചിട്ടില്ല.

3) കരാറിൽ പ്രവൃത്തി ആരംഭിച്ച തീയതി, പൂർത്തീകരണ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

4) പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖയില്ല.

5) ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.12/27.08.25) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കുന്നതുവരെ 7,49,900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-17 സെക്കന്ററി പാലിയേറ്റിവ്- ഒരേ ഇൻവോയ്സ് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് രണ്ട് തവണ തുക നൽകി**

| പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|
| സെക്കന്ററി പാലിയേറ്റീവ് (S0030/25) | ₹15,00,000/- (വികസന ഫണ്ട് ജനറൽ) | ₹10,04,547/- (വികസന ഫണ്ട് ജനറൽ) |

മെഡിക്കൽ ഓഫീസർ, ആർ.എച്ച്.ടി.സി ചെട്ടികാട് നിർവ്വഹണം നടത്തിയ സെക്കന്ററി പാലിയേറ്റീവ് എന്ന പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിരവധി തവണ തുക നൽകിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ, സെക്കന്ററി പാലിയേറ്റീവിന്റെ ആവശ്യത്തിലേയ്ക്കായി പ്രൊഫോർമ ഇൻവോയ്സ് നം PRF 2844/ 07.01.25 പ്രകാരമുള്ള മെഡിസിൻ വാങ്ങുന്നതിനായി ₹1,11,572/-രൂപ (ബിൽ നം.TRN 240601000000026984/16.01.25) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകുകയും ഈ തുകയിൽ ₹13,243/- രൂപയുടെ മരുന്നുകൾ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്(₹98329/- രൂപയുടെ മരുന്നുകൾ ഇപ്പോഴും ലഭിച്ചിട്ടില്ല). എന്നാൽ 13.02.25 തീയതിയിൽ ഇതേ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം തന്നെ ₹1,11,572/- രൂപ (TRN 240601000000029720/13.02.25) വീണ്ടും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകുകയുണ്ടായി. ഒരേ മെഡിസിന് രണ്ട് തവണ തുക നൽകാനിടയായത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16/29.8.25) ലഭ്യമാക്കിയ മറുപടിയിൽ, ആറ് മാസത്തേയ്ക്കുള്ള മരുന്നുകളുടെ പ്രൊഫോർമ വാങ്ങി ₹1,11,572/- രൂപ മുൻകൂറായി നൽകുകയും അടുത്ത ആറ് മാസക്കാലയളവിലേയ്ക്കും ഇതേ മരുന്നുകൾ ആവശ്യമായതിനാൽ ₹1,11,572/- രൂപ വീണ്ടും നൽകുകയാണുണ്ടായതെന്നും 13.02.25 തീയതിയിലെ ₹1,11,572/- രൂപയുടെ പേയ്മെന്റ് ഡീറ്റെയിൽസ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ അറിയിച്ച് ഇതേ തുകയ്ക്കുള്ള മറ്റൊരു പ്രൊഫോർമ ഇൻവോയ്സ് വാങ്ങി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമറിയിച്ചു. സപ്ലൈ ഓർഡറോ പ്രൊഫോർമ ഇൻവോയ്സോ ഇല്ലാതെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ ₹1,11,572/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകത പരിഹരിച്ച്, മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ സഹിതം വിശദാംശങ്ങൾ ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

**1-18 മുൻകൂറായി തുക നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല**

മെഡിക്കൽ ഓഫീസർ, ആർ.എച്ച്.റ്റി.സി ചെട്ടികാട് നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം മരുന്നുകളും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ടിന്റെ | ബിൽ നം., തുക | പ്രൊഫോർമ | ലഭിക്കാനവ |
|---|---|---|---|---|

| നം. | പേര്, നമ്പർ | | ഇൻവോയ്സ് നം. | ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|
| 1 | ആർദ്രമീ ആര്യാട് (S0044/25) | TRN240601000000029731/ 13.2.25, ₹5,00,000/- | PRF 4473/ 24.2.24 | ₹5,00,000/- |
| 2 | സെക്കന്ററി പാലിയേറ്റീവ് (S0030/25) | TRN240601000000026984/16.1.25, ₹1,11,572/- | PRF 2844/ 07.01.25 | ₹98,329/- |
| 3 | സെക്കന്ററി പാലിയേറ്റീവ് Spill Over (S0065/25) | TRN240601000000005202/4.6.24, ₹3,021/- | PRF 4511/ 27.02.24 | ₹3,021/- |
| | " | TRN240601000000005217/4.6.24, ₹53,701/- | PRF 4249/ 18.02.24 | ₹53,701/- |
| 4 | ആർദ്രമീ ആര്യാട് Spill Over (S0070/25) | TRN240601000000025675/8.1.25, ₹3,00,000/- | PRF 4215/ 17.02.24 | ₹75,602/- |
| | " | TRN240601000000025677/8.1.25, ₹2,00,000/- | PRF 3989/ 13.02.24 | ₹42,402/- |
| | " | TRN240601000000025674/8.1.25 ₹5,00,000/- | PRF 4357/ 21.02.24 | ₹5,00,000/- |
| ആകെ | | | | ₹12,73,055/- |

മേൽ ബില്ലുകൾ പ്രകാരം മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 8/26.8.2025) നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല. മരുന്നുകൾ പൂർണ്ണമായി ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ രേഖകൾ സഹിതം വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-19 ഭിന്നശേഷി പുനരധിവാസ കേന്ദ്രം- വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല**

പ്രോജക്ട് നം - S0139/25

പ്രോജക്ടിന്റെ പേര് - ഭിന്നശേഷി പുനരധിവാസ കേന്ദ്രം- വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 3,00,000 | 3,00,000 |

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് 3,00,000 രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ കേരള ഗ്രാമീൺ ബാങ്ക് ആലപ്പുഴ ബ്രാഞ്ചിലെ 40553101068533 നം. അക്കൌണ്ടിൽ അനുവദിച്ച് നൽകി. ചെലവ് വിവരം താഴെ ചേർക്കുന്നു.

വൌച്ചർ നം. XVFC/2024-25/P/17/16.01.25 തുക- 3,00,000

തുകയുടെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.10/27.08.25) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 3,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-20 എ ബി സി പ്രോഗ്രാം ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല**

പ്രോജക്ട് നം - S0132/25

പ്രോജക്ടിന്റെ പേര് - എ ബി സി പ്രോഗ്രാം ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 2,00,000 | 2,00,000 |

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് 2,00,000 രൂപ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കേരള ഗ്രാമീൺ ബാങ്ക് ചേർത്തല ബ്രാഞ്ചിലെ 40558101095467 നം. അക്കൌണ്ടിൽ തുക അനുവദിച്ച് നൽകി. ചെലവ് വിവരം താഴെ ചേർക്കുന്നു.

1) വൌച്ചർ നം. XVFC/2024-25/P/53/28.03.25 തുക- 180000

2) വൌച്ചർ നം. XVFC/2024-25/P/56/31.03.25 തുക- 20000

തുകയുടെ കൈപ്പറ്റ് രശീത് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്( നം.11/27.08.25) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-21 വൃത്തി 2025- ദി ക്ലീൻ കേരള കോൺക്ലേവ് - കൈപ്പറ്റ് രശീത്, വിനിയോഗ വിവരം ഹാജരാക്കിയില്ല**

പ്രോജക്ട് നം - S 0171/25

പ്രോജക്ടിന്റെപേര് - വൃത്തി 2025- ദി ക്ലീൻ കേരള കോൺക്ലേവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 2,00,000 | 2,00,000 |

2025 ഏപ്രിൽ 9 മുതൽ 13 വരെ തിരുവനന്തപുരത്ത് വെച്ച് വൃത്തി 2025- ദി ക്ലീൻ കേരള കോൺക്ലേവ് എന്ന മെഗാ ഇവന്റ് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി, ശുചിത്വ മിഷന്റെ പേരിൽ ഐ.ഡി.ബി.ഐ. ബാങ്കിന്റെ വഴുതക്കാട് ബ്രാഞ്ചിൽ 0046104000272292 നം.അക്കൌണ്ടിൽ 2,00,000 രൂപ നൽകി (വൌച്ചർ നം. XVFC/2024-25/P/47/26.03.25 ). എന്നാൽ തുകയുടെ കൈപ്പറ്റ് രശീത്, വിനിയോഗ വിവരം എന്നിവ ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 4/26.08.25) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 തുല്യത പഠിതാക്കൾക്ക് ഫീസ് - രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല

പ്രോജക്ട് നം - S0076/25 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് - തുല്യത പഠിതാക്കൾക്ക് ഫീസ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 30,650 | 30,650 |

ഡയറക്ടർ, കേരള സ്റ്റേറ്റ് സാക്ഷരത മിഷൻ അതോറിറ്റിയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, 57026996123 നം.അക്കൌണ്ടിൽ 650 രൂപയും, 02880100113107 നം.അക്കൌണ്ടിൽ 30,000 രൂപയും നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക | ട്രഷറി ബിൽബുക്ക് നം./തീയതി |
|---|---|---|---|
| 1 | പത്താംതരം തുല്യത 13 പേരുടെ ഫീസിനത്തിൽ നൽകേണ്ട തുകയായ 9750 രൂപയിൽ 2023-24 വർഷം അടച്ച 9100 കിഴിച്ച് ബാലൻസ് തുക | 650 | 34/24-25/24.12.24 |
| 2 | ഫയലിൽ ലഭ്യമല്ല | 30,000 | 3/24-25/18.05.24 |
| ആകെ | | 30,650 | |

അപാകത താഴെ ചേർക്കുന്നു.

1) 30,000 രൂപ നൽകിയത് എന്തിനെന്ന വിവരം ഇല്ല.

2) കേരള സ്റ്റേറ്റ് സാക്ഷരത മിഷൻ അതോറിറ്റിയുടെ കൈപ്പറ്റ് രശീത് ഹാജരാക്കിയില്ല.

3) പഠിതാക്കളുടെ രജിസ്ട്രേഷൻ രേഖകൾ, ക്ലാസ്സിൽ ഹാജരായതിന്റെ രേഖകൾ, പരീക്ഷ എഴുതിയതിന്റെ വിവരം എന്നിവ ഹാജരാക്കിയില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.15/27.08.25) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 30,650 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 സരസ് മേളയ്ക്ക് വിഹിതം നൽകൽ- കൈപ്പറ്റ് രസീതും,വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല

സരസ് മേളയുടെ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 2 ലക്ഷം രൂപ (രണ്ട് ലക്ഷം രൂപ) പദ്ധതി വിഹിതത്തിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ നൽകുന്നതിന് സർക്കാർ ഉത്തരവ് (സ.ഉ.(സാധാ) നം. 2416/LSGD തീയതി 10.12.2024) പുറപ്പെടുവിച്ചിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് (43677571667 -SBIN0009152) രണ്ട് ലക്ഷംരൂപ (ചെക്ക് നം.447930/31.1.25) തനതു ഫണ്ട് വിഹിതം അനുവദിച്ച് കൈമാറിയിട്ടുണ്ട്.

തുക കൈമാറിയതുമായി ബന്ധപ്പെട്ട ജില്ലാ കുടുംബശ്രീ മിഷന്റെ കൈപ്പറ്റ് രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/29.8.25) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിയ്ക്കാത്ത പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഫൈൻ പൂർണ്ണമായി ഈടാക്കിയില്ല

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

ജി.ഒ. (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴ കുറവായാണ് ഈടാക്കിയിരിക്കുന്നത്. കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ, 2012 ലെ പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2116-1 ൽ അനുശാസിക്കുന്ന വിധം കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% നിരക്കിൽ ലിക്വിഡിറ്റി ഡാമേജ് (കോമ്പൻസേഷൻ) ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഇവിടെ ഇപ്രകാരം കോമ്പൻസേഷൻ പൂർണ്ണമായി ഈടാക്കാതെയാണ് ഫൈനൽ ബിൽ തുക നല്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് പേര് | കരാറുകാരൻ/ എഗ്രിമെന്റ്/ പി.എ.സി,ആരംഭിച്ച തീയതി | പൂർത്തീകരണ കാലാവധി/ പൂർത്തിയാക്കേണ്ട തീയതി | പൂർത്തിയാക്കിയ തീയതി/ കാലതാമസം | ഈടാക്കേണ്ട ഫൈൻ | ഈടാക്കിയത് | കുറവു തുക | ബിൽ നം. തീയതി/തുക |
|---|---|---|---|---|---|---|---|---|
| 1 | കുറ്റിച്ചിറ - വലിയവീട് കലുങ്ക് നിർമ്മാണം -മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത് (S0160/25) | ജോസഫ് ടി.ആർ. 07/AE/LID&EW/ AYD/23-24 തീയതി-13.10.23. 539924/- 23.10.23 | 8-മാസം 23.6.24 | 29.3.25 39ആഴ്ച | 539924X39X 0.1% = 21057 | 11879 | 9178 | 181505/- 810/-29.3.25 |
| 2 | മുഹമ്മ സി.എച്ച്.സി ലാബ് നവീകരണം (SO134/25) | രാജേന്ദ്രൻ പി. 8/AE/LID&EW/ AYD/23-24 തീയതി-5.2.24 439900.01/- 15.2.24 | 6- മാസം 15.8.24 | 23.1.25 23ആഴ്ച | 439900.01 X 23 X .1% =10117.70 10118. | 8798 | 1320 | 96772/-584,-11.2.25 |
| ആകെ | | | | | | | 10498 | |

(9178 + 1320) 10,498 രൂപ ഫൈൻ ഇനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കുവാനുണ്ട്. ലിക്വിഡേറ്റഡ് ഡാമേജായി മുഴുവൻ തുകയും ഈടാക്കാതെയിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം. 5/26.8.25 യ്ക്ക് മറുപടി ലഭ്യമാക്കിയില്ല. ഫൈൻ തുക ബില്ലിൽ നിന്നും കുറവു ചെയ്യാതെ കരാറുകാരന് അധികമായി നല്കിയ 10,498 രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

**<u>1-25 ടാർ ബാരൽ വിലയും ജി.എസ്.ടിയും സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു</u>**

ബ്ലോക്ക് പഞ്ചായത്തിൽ 2024-25 ൽ നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ഏത് ഫണ്ടിൽ നിന്നാണോ തുക ചെലവഴിയ്ക്കപ്പെടുന്നത് അതേ ഫണ്ടിലേയ്ക്ക് തന്നെയാണ് തുക തിരിച്ചടയ്ക്കേണ്ടതും. ആയതിനാൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ടാർ വാങ്ങിയ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഫണ്ടിനം | സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്ത തുക (ജി.എസ്.ടി ഉൾപ്പെടെയുള്ള തുക) | ചെലവുവിവരം |
|---|---|---|---|
| പഴയക്കാട് ഗിരിജൻ കോളനി റോഡ് മാരാരിക്കുളം തെക്ക്ഗ്രാമ പഞ്ചായത്ത്. | വികസനഫണ്ട് (എസ്.സി.പി) | 3090 | 589/12.2.25 954800/- |
| ഐ.ടി.സി- കലവൂർ കോളനി റോഡ് ടാറിംഗ് - മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് | വികസനഫണ്ട് (എസ്.സി.പി) | 2809 | 651/7.3.25 315524/- |

മേൽ ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/26.8.25)

മറുപടി ലഭ്യമാക്കിയില്ല. സെക്രട്ടറിയുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ടാർ ബാരൽ, ജി.എസ്.ടി ഇനത്തിലെ തുകകൾ യഥാക്രമം ബന്ധപ്പെട്ട ഹെഡ്ഡിലേയ്ക്കും വകുപ്പിലേയ്ക്കും അടച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

**1-26 വാഹന വാടക - നിരക്ക് നിശ്ചയിച്ചതിലെ അപാകം മൂലം അധികച്ചെലവ്**

വൌച്ചർ നം. 22400155/30.8.24 ചെക്ക് നം.447873/23.4.24 ; തുക- 99894/-

ബ്ലോക്ക് പഞ്ചായത്തിനായി KL 04 AT 2864 എന്ന വാഹനം ഓടുന്നതിനുവേണ്ടി ശ്രീമതി മല്ലിക, തയ്യിൽ, മണ്ണഞ്ചേരി എന്നിവരുടെ ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ കരാർ വച്ചിട്ടുണ്ട്. കരാർ പ്രകാരം 1000 കിലോമീറ്റർ ഓടുന്നതിന് പ്രതിമാസം 30,000/- രൂപ വാടകയും 3000 കിലോമീറ്റർ എന്ന ത്രൈമാസപരിധിക്കു ശേഷമുള്ള ദൂരത്തിന് അധിക കിലോമീറ്ററിന് 18/- രൂപ നിരക്കുമാണ് അംഗീകരിച്ചിട്ടുള്ളത്. ആയതു പ്രകാരം മേൽ സൂചിപ്പിച്ച വൌച്ചർ പ്രകാരം 10.4.24 മുതൽ 09.5.24 വരെയുള്ള ഒരു മാസത്തിന് 30,000/- രൂപ വാടകയും ത്രൈമാസ പരിധിയിൽ അധികരിച്ച് ഓടിയ 3883 കിലോമീറ്ററിന് (6883 -3000) ( ഫെബ്രുവരി 2185 കി.മീ., മാർച്ച് -2651 കി.മീ., ഏപ്രിൽ- 2047 കി.മീ. ) ഉൾപ്പെടെ ആകെ 99,894/- രൂപ മേൽ സൂചിപ്പിച്ച വൌച്ചർ പ്രകാരം നല്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് (കൈ).15/2022/28.5.2022 പ്രകാരം പ്രതിമാസം 2000 കിലോമീറ്റർ ഓടുന്നതിനുള്ള ക്വട്ടേഷനാണ് ക്ഷണിക്കേണ്ടത്. ആയതിന് ഇന്ധനച്ചെലവ്, ഡ്രൈവറുടെ വേതനം, മറ്റു ചെലവുകൾ എന്നിവയുൾപ്പെടെ പരമാവധി 36,000/- രൂപ വരെ അനുവദിക്കാവുന്നതാണ്. മേൽ കരാറിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് പ്രകാരം പ്രതിമാസം 2000 കിലോമീറ്റർ നിരക്കിൽ വാഹനം വാടകയ്ക്കെടുത്തിരുന്നുവെങ്കിൽ മേൽ സഞ്ചരിച്ച ദൂരത്തിന് താഴെപ്പറയുന്ന തുക മാത്രം നല്കിയാൽ മതിയായിരുന്നതാണ്.

| നിലവിലെ കരാർ പ്രകാരം ഓടിയ മാസം | ആകെ ഓടിയ ദൂരം | നിലവിലെ കരാർപ്രകാരം നല്കേണ്ട തുക | സർക്കാർ ഉത്തരവിലെ നിരക്ക് പ്രകാരം പരമാവധി നല്കേണ്ട തുക | അധികം നല്കേണ്ടിവന്നത് |
|---|---|---|---|---|
| 3/24, 4/24, 5/24 | 6883 | (30000x3 മാസം)+ (3883x18) =90000 + 69894 =159894 | (36000x3മാസം)+ (883x18) =108000+15894 =123894 | 36000/- |

മേൽ പ്രകാരം അധികം തുക നല്കാനിടയായതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/29.8.25) മറുപടി ലഭ്യമാക്കിയില്ല.
സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ കരാർ വയ്ക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
2. 1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം കരാർ പ്രവർത്തികളിൽ ഒരു സാമ്പത്തിക വർഷം ആകെ ₹1,00,000/- ക്ക് മുകളിലോ ഒറ്റത്തവണ ₹30,000 ക്ക് മുകളിലോ പ്രതിഫലം നൽകുന്ന പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1 % നിരക്കിലും മറ്റുള്ളവരിൽ നിന്നും 2 % നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടതാണ്. ഇതു പ്രകാരം നല്കിയിട്ടുള്ള തുകയുടെ 1% ആദായനികുതി ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല.
മേൽ സൂചിപ്പിച്ച 99,894/- രൂപ ഉൾപ്പെടെ തൻവർഷം വാഹന വാടകയിനത്തിൽ മേൽ വ്യക്തിക്ക് നല്കിയിട്ടുള്ള ആകെ തുകയുടെ 1% ആദായനികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കുവരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-27 ഹെൽത്ത് ഗ്രാന്റ് -വിനിയോഗവും ഫലപ്രാപ്തിയും**

സംസ്ഥാനങ്ങളുടെ ആരോഗ്യ മേഖലയിലേക്ക് നൽകുന്ന പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗം സംബന്ധിച്ച മാർഗരേഖ പ്രകാരം ഗ്രാമീണ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്. 2021-22 മുതൽ 2024-25 വരെയുള്ള കാലയളവിൽ സ്കീം 2 പ്രകാരമുള്ള പ്രോജക്ടുകൾക്കാണ് തുക വകയിരുത്തി നടപ്പാക്കിയിട്ടുള്ളത്. ഇതിൽ 2022-23 വർഷം ലഭിച്ച തുക ഉപയോഗിച്ച് 2023-24 വർഷത്തിലാണ് പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. 2022-23 വർഷം ലഭിച്ച തുകയിൽ 99.7% തുകയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2023-24 വർഷം ലഭിച്ച തുക ഒന്നും ചെലവഴിച്ചിട്ടില്ല.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് ബ്ലോക്ക് പഞ്ചായത്തിൽ ലഭിച്ചതിന്റെയും ഇത് ഉപയോഗിച്ച് നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>സ്കീം 3 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം</u>

| വർഷം | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരുപ്പ് |
|---|---|---|---|
| 2022-23 | 27,57,000 | 27,48,341 | 8,659 |
| 2023-24 | 42,17,000 | 0 | 42,17,000 |

<u>ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി തദ്ദേശസ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം</u>

| വർഷം | ഗ്രാന്റ് | നൽകിയ തുക | ചെലവഴിച്ച തുക | നീക്കിയിരുപ്പ് |
|---|---|---|---|---|
| 2023-24 | ആര്യാട് ബ്ലോക്ക് | ₹22,57,000 | ₹5,39,189/- | ₹17,17,811 |

| | | | | |
|---|---|---|---|---|
| | പൊതുജനാരോഗ്യ കേന്ദ്രം - മുഹമ്മ സി.എച്ച്.സി യ്ക്ക് സഹായം(S0089/24) | | | |
| 2023-24 | മുഹമ്മ സി.എച്ച്.സി ലാബ് നവീകരണം(S0090/24) | ₹5,00,000 | 0 | ₹5,00,000 |
| 2024-25 | മുഹമ്മ സി.എച്ച്.സി ലാബ് നവീകരണംSpill Over(S0134/25) | ₹4,46,341 | ₹4,46,341 | 0 |
| 2024-25 | ആര്യാട് ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രം മുഹമ്മ സി എച്ച് സിയ്ക്ക് സഹായംSpill Over(S0135/25) | ₹17,17,811 | ₹17,17,811 | 0 |
| 2024-25 | മുഹമ്മ സി എച്ച് സിയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകൽ Spill Over(S0169/25) | ₹53,659 | ₹45,000 | ₹8,659 |
| 2024-25 | മുഹമ്മ സി എച്ച് സി യിൽ കോൺഫറൻസ് ഹാൾ നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും(S0157/25) | ₹40,39,000 | 0 | ₹40,39,000 |
| 2024-25 | മുഹമ്മ സി എച്ച് സി ലാബിലേയ്ക്ക് റീ ഏജന്റ് കിറ്റുൾപ്പെടെ ലാബിന്റെ പ്രവർത്തനത്തിന് ആവശ്യമായ ചെലവുകളും അനുബന്ധ പ്രവർത്തനങ്ങളും(S0159/25) | ₹1,78,000 | 0 | ₹1,78,000 |

ബ്ലോക്ക് പഞ്ചായത്തിലെ ആരോഗ്യമേഖല അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളും ഇനിയും പൂർണ്ണമായി പരിഹരിക്കപ്പെടാത്ത സാഹചര്യത്തിൽ, പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്ത് വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിലെ ഏതെല്ലാം മേഖലകളിലെ ജനങ്ങൾക്കാണ് ആശുപത്രിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന വിവിധ സേവനങ്ങൾ ലഭ്യമാകാത്തതെന്നും ഏതെല്ലാം മേഖലകളിലാണ് കൂടുതൽ ശ്രദ്ധിക്കേണ്ടതെന്നും പോരായ്മകൾ കൂടുതൽ നിലനിൽക്കുന്നതെന്നും വിലയിരുത്തി പദ്ധതി മുൻഗണനകൾ പുതുക്കി നിശ്ചയിക്കുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്. പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന തുക വിനിയോഗിച്ച് പരമാവധി ഗുണഭോക്താക്കൾക്ക് ആരോഗ്യപരിരക്ഷയും മികച്ച സേവനവും ഉറപ്പുവരുത്തുന്നതിന് മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാവശ്യമാണ്. ഇത് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സായാഹ്ന ഒ.പി.യ്ക്കായി താൽക്കാലിക ഡോക്ടർ നിയമനം- അധിക നിരക്കിൽ വേതനം നൽകി

നിർവ്വഹണം-മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മുഹമ്മ

| ക്രമ നം. | പ്രോജക്ടിന്റെ പേര്, നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | മുഹമ്മ സി.എച്ച്.സി സായാഹ്ന ഒ.പി. ഡോക്ടർക്ക് വേതനം പ്രോജക്ട്നം- S0027/25 | ₹14,20,400 (₹11,88,400/- വികസന ഫണ്ട് ജനറൽ, ₹2,32,000/- ഗ്രാമ പഞ്ചായത്ത് വിഹിതം) | ₹14,17,650 (₹11,87,550/- വികസന ഫണ്ട് ജനറൽ, ₹2,30,100/- ഗ്രാമ പഞ്ചായത്ത് വിഹിതം) |
| 2 | മുഹമ്മ സി.എച്ച്.സി സായാഹ്ന ഒ.പി. ഡോക്ടർക്ക് വേതനം Spill Over | ₹1,27,400 (വികസന ഫണ്ട് ജനറൽ) | ₹1,27,400 (വികസന ഫണ്ട് ജനറൽ) |

| | | | |
|---|---|---|---|
| | പ്രോജക്ട്നം- S0079/25 | | |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10.07.2023-ലെ ഡി.ബി.3/143/2023/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡോക്ടർക്ക് 2023 ഏപ്രിൽ മുതൽ ധനകാര്യ വകുപ്പിന്റെ 11.02.2021-ലെ സ.ഉ(പി)നം.29/2021 ധന. ഉത്തരവ് പ്രകാരമുള്ള വേതനമാണ് നല്കേണ്ടതെന്ന് വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർമാർക്ക് പ്രതിമാസ വേതനമായി പരമാവധി 57,525/- രൂപയാണ് നല്കാവുന്നത്. എന്നാൽ മുഹമ്മ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ സായാഹ്ന ഒ.പി.യ്ക്കായി താല്ക്കാലിക അടിസ്ഥാനത്തിൽ 2 ഡോക്ടർമാരെ (ഡോ.ഗംഗാരാജ് സി.എസ്., ഡോ. നന്ദന രഘു) നിയമിച്ച് പ്രതിമാസം 63,700/- രൂപ നിരക്കിൽ വേതനം നല്കിയിരുന്നു. മേൽ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം 2024 മാർച്ച് മാസത്തെ വേതനവും തൻവർഷ പ്രോജക്ട് പ്രകാരം 2024 ഏപ്രിൽ,മെയ്,ജൂൺ മാസങ്ങളിലെ വേതനവുമാണ് 63,700/- രൂപ നിരക്കിൽ നല്കിയിരിക്കുന്നത്. ഇതുമൂലം 4 മാസങ്ങളിൽ ഒരാൾക്ക് 6,175/-രൂപ (63700-57525) വീതം അധികം നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ബിൽ നം. | അധികം നൽകിയ തുക |
|---|---|---|
| മാർച്ച് 2024 | TRN.240601000000007087/ 22.6.24, ₹127400/- | ₹12,350/- [6175 X2] |
| ഏപ്രിൽ 2024 | TRN.240601000000004741/ 28.5.24, ₹127400/- | ₹12,350/- |
| മെയ് 2024 | TRN.240601000000007089/ 22.6.24, ₹127400/- | ₹12,350/- |
| ജൂൺ 2024 | TRN.240601000000008575/ 6.7.24, ₹127400/- | ₹12,350/- |
| ആകെ അധികം നൽകിയ തുക | | ₹49,400/- |

സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി അധികനിരക്കിൽ വേതനം നല്കിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം 9/27.8.25) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ ₹49,400/- തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-2 ശിശുവികസന പദ്ധതി ഓഫീസറുടെ പ്രോജക്ടുകൾ - നികുതികൾ ഈടാക്കാതെയും കരാറിൽ അധികമായും തുക നല്കി

പ്രോജക്ട് നം.SOO21/25- വയോജന സൌഹൃദ കൂട്ടം

അടങ്കൽ - 5,00,000/- (വികസന ഫണ്ട്- പൊതുവിഭാഗം)

- 25,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം)

ആകെ - 30,00,000/-

ചെലവ് - 3,67,263/-

- 2,28,210/-

ആകെ - 5,95,473/- (വിവിധ ട്രഷറി ബില്ലുകൾ)

ബ്ലോക്കിനുകീഴിലുള്ള പഞ്ചായത്തുകളിലെ വയോജനങ്ങൾക്കുള്ള വിവിധ പദ്ധതികൾ സംയോജിപ്പിച്ച് യോഗപരിശീലനം, അദാലത്ത്, മെഡിക്കൽ ക്യാമ്പും ഉപകരണ വിതരണവും, കലാകായിക മത്സരങ്ങൾ, ഉല്ലാസയാത്ര, വിപണനമേള എന്നിവ സംഘടിപ്പിക്കുന്നതിനാണ് പദ്ധതി.

ആയതിൽ ഉല്ലാസ യാത്ര, വയോജന കലോത്സവം എന്നിവ മാത്രമാണ് സംഘടിപ്പിച്ചത്

**I. ഉല്ലാസ യാത്ര**

ഉല്ലാസയാത്രയ്ക്കായി ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ ഒരാൾക്ക് 600 രൂപ നിരക്ക് ക്വോട്ട് ചെയ്ത ആലപ്പി ഗ്രീൻ ടൂറിസം എന്ന സ്ഥാപനത്തിന്റെ ഹൌസ്ബോട്ട് (നോൺ എ.സി.) തെരഞ്ഞടുത്തിരുന്നു. ടി ആവശ്യത്തിനായി ആലപ്പി ഗ്രീൻ ടൂറിസം എന്ന സ്ഥാപനത്തിന് (GSTIN – 32BAGPA7940E1Z6) ICICI ബാങ്ക് അക്കൌണ്ടിലേക്ക് (നം.060601503076) തുക നല്കിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ / തുക | സ്ഥാപനത്തിന്റ ബിൽ നം. | സ്ഥാപനത്തിന് നല്കിയ തുക | യാത്ര നടത്തിയ ദിവസം | അറ്റൻഡൻസ് പ്രകാരം പങ്കെടുത്തവർ |
|---|---|---|---|---|---|
| 1 | 6/25.10.25/81443/- | ബിൽ നം. ഇല്ല/21.10.24 | 72000/- (120x600) | 21.10.24 | മണ്ണഞ്ചേരി-103 |
| 2 | 7/12.11.24 - 92208/- | 125/5.11.24 | 78000/- (120x600)+ 6000 AC ചാർജ് | 4.11.24 | മുഹമ്മ-112 |
| 3 | 12/7.2.25 - 189102/- | 155/23.1.25 | 164000/- (120x600)+6000(AC ചാർജ്)+4000 (സ്നാക്സ്) X2 യാത്രകൾ | 23.1.25 27.1.25 | ആര്യാട്-118 മാരാരിക്കുളം തെക്ക്-112 |
| | ആകെ | | 314000/- | | 445 |

1. സ്ഥാപനവുമായി കരാർ ചമച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. യാത്രകൾ നടത്തിയതിന്റ ഫോട്ടോ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

2. ഒരു വർഷം ആകെ 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ പ്രവർത്തികളിൽ വ്യക്തികളിൽനിന്നും 1% നിരക്കിലും സ്ഥാപനങ്ങളിൽ നിന്നും 2 % നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടതാണ്. തുക നല്കിയിട്ടുള്ളത് സ്ഥാപനത്തിനാകയാൽ തുകയുടെ 2% ആദായനികുതി ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല.

3. ലഭ്യമാക്കിയിട്ടുള്ള GST നമ്പർ പ്രകാരം ഗുണഭോക്താവിന് Regular GST രജിസ്ട്രേഷനാണുള്ളത്. ആയതിനാൽ സ്ഥാപനം ജി.എസ്.ടി. ബില്ലാണ് നല്കേണ്ടതെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. നല്കിയ തുകയിൽ നിന്നും 2% ജി.എസ്.ടി. - ടി.ഡി.എസ്. ഈടാക്കിയിട്ടില്ല.

4. GST രജിസ്ടേഷനുള്ള സ്ഥാപനത്തിന്റെ ബാങ്ക് അക്കൌണ്ടിലേക്കാണ് തുക നല്കേണ്ടതെങ്കിലും അനൂപ് പി.കെ. എന്ന വ്യക്തിയുടെ അക്കൌണ്ടിലേക്കാണ് ( നം.060601503076/ICICI ബാങ്ക്) തുക നല്കിയിട്ടുള്ളത്.

5. അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം ഒരാൾക്ക് 600/- രൂപ നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. പങ്കെടുത്തവരുടെ അറ്റൻഡൻസ് പ്രകാരം ആകെ 445 പേർ മാത്രമാണ് 4 യാത്രകളിലായി പങ്കെടുത്തിട്ടുള്ളത്. എന്നാൽ 480 (120x4ട്രിപ്പ്) പേർക്കുള്ള തുകയാണ് സ്ഥാപനത്തിന് നല്കിയിട്ടുള്ളത്.

6. നോൺ എ.സി. ഹൌസ്ബോട്ടിനുള്ള ക്വട്ടേഷനാണ് ഗ്രാമപഞ്ചായത്ത് അംഗീകാരം നല്കിയിട്ടുള്ളതെങ്കിലും ബിൽ പ്രകാരം 3 യാത്രകൾക്ക് AC ചാർജ് ഈടാക്കിയിരിക്കുന്നു.

7. ഫയലിൽ മേൽ സൂചിപ്പിച്ചതു കൂടാതെയുള്ള വിവിധ ചെലവുകൾക്കായുള്ള ബില്ലുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട സ്ഥാപനത്തിന് തുക നല്കാതെ ട്രഷറി ബില്ലുകളിലെ ബാക്കി തുകകൾ സി.ഡി.പി.ഒ.യുടെ അക്കൌണ്ടിലേക്കാണ് നല്കിയിട്ടുള്ളത്. തുക അനുവദിക്കുന്നതു സംബന്ധിച്ച നടപടിക്രമത്തിൽ ജി.ഒ.(പി) നം.147/2017/16.11.2017 ഉത്തരവ് പ്രകാരം തുകകൾ അന്തിമ ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്കാണ് നല്കിയിട്ടുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും സാധനങ്ങൾ/സേവനങ്ങൾ നല്കിയിട്ടുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അക്കൌണ്ടിലേക്ക് തുക നല്കിയിട്ടില്ല. 11.6.2018 ലെ സർക്കാർ ഉത്തരവ് (പി)88/2018/ഫിൻ പ്രകാരവും സഞ്ചിതനിധിയിൽ നിന്നുള്ള ഫണ്ടുകൾ അന്തിമ ഉപഭോക്താവിന് മാത്രമേ നല്കാവൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ, ജി.ഒ.(പി) നം.147/2017/16.11.2017 ഉത്തരവ് പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ടിംഗ്)ചട്ടം 2011, ചട്ടം 34 (4),(5) & ജി.ഒ(പി)177/2006/Fin Dtd 12.04.2006, 8.1, 8.2, 8.3 പ്രകാരവും 1000 രൂപയ്ക്ക് മേലുള്ള എല്ലാ ചെലവുകളും ബാങ്ക് അക്കൌണ്ടിലേക്കാണ് നൽകേണ്ടത്.

8. പ്രോജക്ട് പ്രകാരം ഉല്ലാസയാത്രയ്ക്കായി ആകെ 3,00,000/- രൂപയാണ് വകയിരുത്തിയിരുന്നതെങ്കിലും 3,67,263/- രൂപ ചെലവഴിച്ചിട്ടുണ്ട്.

9. ഈ പദ്ധതിയ്ക്കായി വിവിധ സാധനങ്ങൾക്കും സേവനങ്ങൾക്കും ലഭ്യമായിട്ടുള്ള ക്വട്ടേഷനുകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

10. 23.1.25, 27.1.25 തീയതികളിലെ യാത്രകൾക്കായി നല്കിയിട്ടുള്ള ബിൽ 23.1.25-ലേതാണ്. അതായത് രണ്ടാമത്തെ യാത്രയ്ക്ക് മുമ്പ് തന്നെയുള്ള തീയതിയിലാണ് ബിൽ നല്കിയിട്ടുള്ളത്.

11. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പകൽവീട്, വയോജന പരിപാലന കേന്ദ്രങ്ങൾ എന്നീ പദ്ധതികളാണ് വയോജനങ്ങൾക്കായി നടത്താവുന്നത്. മേൽ പ്രോജക്ട് നൂതന പ്രോജക്ടായി അംഗീകാരം നേടിയിട്ടുമില്ല.

**II. വയോജന കൂട്ടായ്മ**

2025 മാർച്ച് 22, 23 തീയതികളിൽ കലവൂർ ഗവ.ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന വയോജന കലോത്സവത്തിന് (ആനന്ദം) ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./ കൈപ്പറ്റ് വിവരം | സ്ഥാപനം | ചെലവിനം | തുക | തുക നല്കിയിട്ടുള്ളത് |
|---|---|---|---|---|---|
| 1 | 756/23.3.25 | കൃപ സ്റ്റുഡിയോ | ഫോട്ടോ | 10,000 | അരുൺദേവ് (ബ്ലോക്ക് മെമ്പർ) - 48160/- |
| 2 | ലെറ്റർ ഹെഡ്/23.3.25 | SH ടാക്സി ഹൌസ് | സ്റ്റേജ് ഡക്കറേഷൻ | 10,000 | |
| 3 | ലെറ്റർ ഹെഡ് | ഉത്രം പബ്ലിസിറ്റി | അനൌൺസ്മെന്റ് | 7,500 | |
| 4 | സുധീരൻ | വാഹന വാടക KL04AG-777 | മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ നിന്നും വയോജനങ്ങളെ എത്തിച്ചതിന് | 3,000 | |
| 5 | അപേക്ഷ | അരുൺദേവ് (ബ്ലോക്ക് മെമ്പർ) | ഓല, ചകിരി തുടങ്ങിയവ എത്തിച്ച ചെലവ് | 10,160 | |
| 6 | അപേക്ഷ | സുമേഷ് | ക്ലീനിംഗ് | 1,500 | |
| 7 | അരവിന്ദ് | വാഹന വാടക KL19A6558 | മുഹമ്മ പഞ്ചായത്തിൽ നിന്നും വയോജനങ്ങളെ എത്തിച്ചതിന് | 6,000 | |
| 8 | 844/22.3.25 | സ്റ്റാർ ഫ്ലവേഴ്സ് | ബൊക്കെ | 300 | ഷീല ദേവസ്യ |

| | | | | | |
|---|---|---|---|---|---|
| 9 | 11/23.3.25 | ശ്രീജ വെസൽസ് | വെള്ളം | 780 | (സി.ഡി.പി.ഒ.) 11080/- |
| 10 | കൈപ്പറ്റ് രസീത് | രാമകൃഷ്ണൻ | പത്രസമ്മേളന ചെലവ് | 2,000 | |
| 11 | കൈപ്പറ്റ് രസീത് | ഹോണറേറിയം | 4ജഡ്ജസിന് | 8,000 | |
| 12 | കൈപ്പറ്റ് രസീത് | ഹോണറേറിയം | 8ജഡ്ജസിന് | 16,000 | ശരവണൻ റ്റി.കെ. (ബ്ലോക്ക് മെമ്പർ) 16000/- |
| 13 | 190/23.3.25 | വൈശാഖ് ലൈറ്റ് & സൌണ്ട് | സൌണ്ട് സിസ്റ്റം വാടക | 19,000 | വൈശാഖ് ലൈറ്റ് & സൌണ്ട് - 19000/- |
| 14 | 84/തീയതി ഇല്ല | എസ്.കെ.സ്പോർട്സ് | മൊമെന്റോ, ട്രോഫി | 24,370 | സാജുമോൻ - എസ്.കെ.സ്പോർട്സ് - 24370/- |
| 15 | 124/22.3.25 | നെൻകോ പ്രിന്റ് ഹൌസ് | ഫ്ലക്സ് , നോട്ടീസ് പ്രിന്റിംഗ് | 16,400 | നെൻകോ പ്രിന്റ് 16400/- |
| 16 | 231/22.3.25 | ജനകീയ ഭക്ഷണശാല, കണ്ണാർകാട്, പൊന്നാട് | ഭക്ഷണ വിതരണം- 22.3.25-45800/- 23.3.25-47700/- | 93,200 | കൃഷ്ണപിള്ള സ്മാരക ട്രസ്റ്റ് - 93200/- |
| | | ആകെ | | 2,28,210/- | |

1. തുക അനുവദിക്കുന്നതു സംബന്ധിച്ച നടപടിക്രമത്തിൽ ജി.ഒ.(പി) നം.147/2017/16.11.2017 ഉത്തരവ് പ്രകാരം തുകകൾ അന്തിമ ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്കാണ് നല്കിയിട്ടുള്ളതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും സാധനങ്ങൾ/സേവനങ്ങൾ നല്കിയിട്ടുള്ള വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അക്കൌണ്ടിലേക്ക് തുക നല്കാതെ മേൽ സൂചിപ്പിച്ചിട്ടുള്ളതു പ്രകാരം ജനപ്രതിനിധികളുടെയും സി.ഡി.പി.ഒ.യുടെയും അക്കൌണ്ടിലേക്കാണ് തുക നല്കിയിട്ടുള്ളത്.

ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് ധനവകുപ്പ് 12.04.06 ൽ പുറത്തിറക്കിയ ജി.ഒ.(പി) നം.177/2006/ഫിൻ, തുടർന്ന് ഈ ഉത്തരവിന് ഭേദഗതികൾ നിർദ്ദേശിച്ചു കൊണ്ട് 21.03.15 ലെ ജി.ഒ.(പി) നം.119/2015 /ഫിൻ ആയി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരവും, 1000/- രൂപയ്ക്ക് മുകളിലുള്ള എല്ലാ ചെലവുകളും അക്കൌണ്ടിലൂടെ മാത്രമേ നൽകാവു എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ മേൽ പട്ടിക പ്രകാരം 1000 രൂപയ്ക്ക് മുകളിലുള്ള വിവിധ ചെലവുകൾ ബന്ധപ്പെട്ടവരുടെ അക്കൌണ്ടിൽ നൽകിയിട്ടില്ല.

2. ജനകീയ ഭക്ഷണശാല, കണ്ണാർകാട്, പൊന്നാടിന്റെ അക്കൌണ്ടിലേക്ക് തുക നല്കാതെ കൃഷ്ണപിള്ള സ്മാരക ട്രസ്റ്റിന് 93,200/- രൂപ നല്കിയിരിക്കുന്നു.

3. 1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം കാറ്ററിംഗ് വർക്കുകളിൽ ഒരു സാമ്പത്തിക വർഷം ആകെ ₹1,00,000/- ക്ക് മുകളിലോ ഒറ്റത്തവണ ₹30,000 ക്ക് മുകളിലോ പ്രതിഫലം നൽകുന്ന പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1 % നിരക്കിലും മറ്റുള്ളവരിൽ നിന്നും 2 % നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടതാണ്. ഇതു പ്രകാരം നല്കിയിട്ടുള്ള തുകയുടെ 2% ആദായനികുതി ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല.

4. നടന്ന വയോജന കലോത്സവത്തിന്റെ ഫോട്ടോകൾ പ്രകാരം കലവൂർ ഗവ.ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വച്ചാണ് പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. ആയതിന് പന്തൽ ഇടുന്നതിനുള്ള തുക നല്കിയിരിക്കുന്നു. ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഫോട്ടോകൾ പ്രകാരം പന്തൽ ഇട്ടിട്ടില്ലാത്തതുമാണ്.

ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഫോട്ടോകൾ പ്രകാരം 50-100 പേർ മാത്രമാണ് സമ്മേളനത്തിലും പരിപാടികളിലും പങ്കെടുത്തിട്ടുള്ളത്. എന്നാൽ ഭക്ഷണവിതരണം നടത്തിയ സ്ഥാപനത്തിന്റെ ബിൽ പ്രകാരം രണ്ട് ദിവസവും യഥാക്രമം 275, 300 പേർക്ക് ഉച്ചഭക്ഷണം (അത്രയുംതന്നെ ഇറച്ചിക്കറിയും മീൻകറിയും ഉൾപ്പെടെ) വിതരണം ചെയ്തതിനാണ് ബിൽ നല്കിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം തേടി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/29.8.25) മറുപടി ലഭ്യമാക്കിയില്ല.

ജനകീയ ഭക്ഷണശാല - പൊന്നാട്, ആലപ്പി ഗ്രീൻ ടൂറിസം എന്നീ സ്ഥാപനങ്ങൾക്ക് ബാധകമായ 2% ആദായനികുതി 8144 രൂപ (314000x2%+ 93200x2%= 6280 + 1864 ) ഈടാക്കി അറിയിക്കേണ്ടതാണ്.

ഉല്ലാസ യാത്രയ്ക്ക് 35 പേർക്കായി (480-445) അധികം നല്കിയ 21,000/- (35x 600) രൂപ തിരികെ ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

കാറ്ററിംഗ് സ്ഥാപനത്തിന് തുക നല്കാതെ കൃഷ്ണപിള്ള സ്മാരകത്തിന് നല്കിയ 93,200/- രൂപയും സ്ഥാപനങ്ങൾ ബിൽ നല്കിയിട്ടും ജനപ്രതിനിധികളുടെ അക്കൌണ്ടിലേക്ക് നല്കിയ 64,160/-(48160+16000) രൂപയും ഉൾപ്പെടെ 1,57,360/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മറ്റ് അപാകതകൾക്ക് തൃപ്തികരമായ വിശദീകരണവും രേഖകളും ഹാജരാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ്

**1) മെഡിസെപ് പ്രീമിയം ഒടുക്ക് – റഗുലർ ജീവനക്കാർ**

| ഓഡിറ്റ് വർഷത്തെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയമിനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 26 | 1,56,000/- | 1,56,000/- | 0 | സ്പാർക്ക് മുഖേന |

2) **മെഡിസെപ് പ്രീമിയം ഒടുക്ക് – (1.4.24 മുതൽ 30.6.24 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**

**ഇല്ല**

**3) മെഡിസെപ് പ്രീമിയം ഒടുക്ക് – (1.7.24 ൽ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**

**ഇല്ല**

4) **മെഡിസെപ് പ്രീമിയം ഒടുക്ക് – (1.8.24 മുതൽ 31.3.25 വരെ സർവ്വീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാർ**

**ഇല്ല**

**4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2024-25 | 2,30,100 | മുഹമ്മ സി.എച്ച്.സി സായാഹ്ന ഒ.പി. ഡോക്ടർക്ക് വേതനം(S0027/25) | 2,30,100 | 0 |
| ഗ്രാമ പഞ്ചായത്ത് | 2024-25 | 5,00,000 | ആർദ്രമീ ആര്യാട് സമഗ്ര ആരോഗ്യ പദ്ധതി(S0044/25) | 5,00,000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2024-25 | 1,80,000 | പി എം എ വൈ ഭവന പദ്ധതി എസ്.സി(S0046/25) | 1,80,000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2024-25 | 15,40,000 | പി എം എ വൈ ഭവന പദ്ധതി ജനറൽ(S0057/25) | 15,40,000 | 0 |
| ഗ്രാമ പഞ്ചായത്ത് | 2024-25 | 13,00,000 | ആർദ്രമീ ആര്യാട് സമഗ്ര ആരോഗ്യ പദ്ധതി(S0070/25) | 13,00,000 | 0 |
| ആകെ | | **37,50,100** | | **37,50,100** | |
| ജില്ലാപഞ്ചായത്ത് | 2024-25 | 2,28,210 | വയോജന സൗഹൃദക്കൂട്ടം(S0021/25) | 2,28,210 | 0 |
| “ | 2024-25 | 1,26,000 | പിഎംഎവൈ ഭവന പദ്ധതി എസ് സി(S0046/25) | 1,26,000 | 0 |
| “ | 2024-25 | 98,000 | പിഎംഎവൈ ഭവന പദ്ധതി ജനറൽ(S0073/25) | 98,000 | 0 |
| “ | 2024-25 | 90,000 | സ്കൂൾ കുട്ടികളുടെ സർഗ്ഗവാസന പ്രോത്സാഹനം(S0105/25) | 90,000 | 0 |
| “ | 2024-25 | 30,00,000 | കനോയിംഗ് കയാക്കിംഗ് പരിശീലനം(S0125/25) | 30,00,000 | 0 |
| “ | 2024-25 | 2,00,000 | സാംസ്കാരികോത്സവം(S0128/25) | 2,00,000 | 0 |
| “ | 2024-25 | 1,49,000 | സ്കൂൾ കുട്ടികളുടെ സർഗ്ഗവാസന പ്രോത്സാഹനം(S0150/25) | 1,49,000 | 0 |
| “ | 2024-25 | 70,000 | വിജ്ഞാൻ ആലപ്പുഴ(S0153/25) | 70,000 | 0 |
| | | 39,61,210 | | 39,61,210 | |

**4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ**

വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക ഉപയോഗിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ | XVFC/2024-25/ P/28, 27.2.25 | 7,49,900 | 7,49,900 | **0** |

| | | | | |
|---|---|---|---|---|
| | വിവിധ പൈപ്പ് ലൈൻ പ്രവൃത്തികൾ Spill Over(S0114/25) | | | |
| **ആകെ** | | 7,49,900 | 7,49,900 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 34,35 | 2004-05 | 2-3 | തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി പദ്ധതി വിഹിതം നഷ്ടം-കയർ കോമൺ ഫെസിലിറ്റി സെന്റർ | നിയമസഭാ സമിതിയുടെ പരിഗണനയിൽ. |
| 2005-06 | 3.7 | 2008-09 | 3.5.10(A) | കുടുംബശ്രീ- വനിത എസ്.എച്ച്.ജി.കൾക്ക് തൊഴിൽ സംരംഭം തുടങ്ങുന്നതിനുള്ള ധനസഹായം | നിയമസഭാ സമിതിയുടെ പരിഗണനയിൽ. |
| 2005-06 | 3.6 | 2008-09 | 3.5.10(B) | എസ്.സി.സ്വയംസഹായ സംഘത്തിന് റിവോൾവിംഗ് ഫണ്ട് | നിയമസഭാ സമിതിയുടെ പരിഗണനയിൽ. |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,49,51,061 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,93,77,174 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 70,400/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,59,286/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 49,400 | ഡോ. ജയന്തി സി., മെഡിക്കൽ ഓഫീസർ(സി.എച്ച്.സി), മുഹമ്മ |
| 3-2 | | 21,000 | ശ്രീമതി ഷീല ദേവസ്യ, സി.ഡി.പി.ഒ |
| ആകെ | | 70,400/- | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1,57,360 | ശ്രീമതി ഷീല ദേവസ്യ, സി.ഡി.പി.ഒ. |
| 1-14 | 4,11,000 | ശ്രീ.ബിനേഷ് കെ., പട്ടികജാതി വികസന ഓഫീസർ |

| | | |
|---|---|---|
| 1-15 | 98,804 | ശ്രീ.ബിനേഷ് കെ., പട്ടികജാതി വികസന ഓഫീസർ |
| 1-16 | 7,49,900 | ശ്രീ.ഷിബു കെ.എം., സെക്രട്ടറി |
| 1-17 | 1,11,572 | ഡോ. പ്രവീൺ ജി.എസ്., മെഡിക്കൽ ഓഫീസർ, ആർ.എച്ച്.ടി.സി ചെട്ടികാട് |
| 1-19 | 3,00,000 | ശ്രീ.ഷിബു കെ.എം., സെക്രട്ടറി |
| 1-20 | 2,00,000 | ശ്രീ.ഷിബു കെ.എം., സെക്രട്ടറി |
| 1-21 | 2,00,000 | ശ്രീ.ഷിബു കെ.എം., സെക്രട്ടറി |
| 1-22 | 30,650 | ശ്രീ.ഷിബു കെ.എം., സെക്രട്ടറി |
| 1-23 | 2,00,000 | ശ്രീ.ഷിബു കെ.എം., സെക്രട്ടറി |
| ആകെ | **24,59,286** | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | ഇനം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-13 | ആദായനികുതി | 8,144 | ശ്രീമതി ഷീല ദേവസ്യ, സി.ഡി.പി.ഒ. |
| ആകെ | | 8,144 | |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷിബു കെ.എം, സെക്രട്ടറി | സെക്രട്ടറി, ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | ഷാ നിവാസ് ആര്യാട് നോർത്ത് പി.ഒ. |
| ബിനേഷ് കെ., പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | പുതുക്കിച്ചിറ, പൊള്ളേത്തൈ |
| ഷീല ദേവസ്യ, സി.ഡി.പി.ഒ | സി.ഡി.പി.ഒ, ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | തെക്കേപാലയ്ക്കൽ, പാതിരപ്പള്ളി പി.ഒ. |
| ആഭ വി.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ആര്യാട് ബ്ലോക്ക് പഞ്ചായത്ത് | പ്രഗതി, കലവൂർ പി.ഒ. |
| ഡോ. ജയന്തി സി., മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി), മുഹമ്മ | കരിപ്പാടപ്പള്ളിൽ, കുടവെച്ചൂർ പി.ഒ. വൈക്കം 688614 |
| ഡോ. പ്രവീൺ ജി.എസ്., മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, ആർ.എച്ച്.ടി.സി ചെട്ടികാട് | മഠത്തിൽ വീട് 7/118 (D) കുടപ്പനക്കുന്ന്-695043 |

**4-11 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജി.എ5/ബി.പി.അദാലത്ത് 26(86)/14, തീയതി 31.03.2014 |
| 1998-99 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്26(87)/14 തീയതി 31.03.2014 |
| 1999-00 | എൽ.എഫ്.ജി.എ5-ബി.പി.അദാലത്ത്26(88)/14 തീയതി 31.03.2014 |
| 2000-01 | എൽ.എഫ്.എ.ബി.പി./അദാലത്ത്26(89)/14 തീയതി 31.03.2014 |
| 2001-02 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(90)/14 തീയതി 31.03.2014 |

| | |
|---|---|
| 2002-03 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(91)/14 തീയതി 31.03.2014 |
| 2003-04 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(92)/14 തീയതി 31.03.2014 |
| 2004-05 | എൽ.എഫ്.എ.ബി.പി./അദാലത്ത് 26(93)/14 തീയതി 31.03.2014 |
| 2005-06 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(94)/14 തീയതി 31.03.2014 |
| 2006-07 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(95)/14 തീയതി 31.03.2014 |
| 2007-08 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(96)/14 തീയതി 31.03.2014 |
| 2008-09 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(97)/14 തീയതി 31.03.2014 |
| 2009-10 | എൽ.എഫ്.എ. ജി.എ.5ബി.പി./അദാലത്ത്26(98)/14 തീയതി 31.03.2014 |
| 2010-11 & 2011-12 | എൽ.എഫ്.എ.ബി.പി 494/2013 തീയതി 23.10.2013 |
| 2012-13 | എൽ.എഫ്.എ.ബി.പി.437/2015 തീയതി 10.06.2015 |
| 2013-14 & 2014-15 | കെ.എസ്.എ/എ.എൽ.പി.ബി.പി/1571/2015 തീയതി 15.12.15 |
| 2015-16 | കെ.എസ്.എ/എ.എൽ.പി.ബി.പി/211/2017/തീയതി 13.03.17/22.03.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി.ബി.പി/1451/17 തീയതി 01.12.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി.ബി.പി/150/19 തീയതി 07.02.2019 |
| 2018-19 | കെ.എസ്.എ/എ.എൽ.പി.ബി.പി.791/2019 തീയതി 16.09.2019 |
| 2019-20 | കെ.എസ്.എ/എ.എൽ.പി.ബി.പി./430/22 തീയതി 19.05.2022 |
| 2020-21 | കെ.എസ്.എ/എ.എൽ.പി.ബി.പി./431/22 തീയതി 07.07.2022 |
| 2021-22 | കെ.എസ്.എ/എ.എൽ.പി.ബി.പി./18/2023 തീയതി 31.03.2023 |
| 2022-23 | കെ.എസ്.എ/എ.എൽ.പി.ബി.പി./1155/2023 തീയതി 08.11.2023 |
| 2023-24 | കെ.എസ്.എ/എ.എൽ.പി.ബി.പി./750/2024 തീയതി 09.9.2024 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 2[1] dated 2[1] dated 26-07-2025 and submitted on 29-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Aryad Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Aryad Block Panchayat as on 31-03-2025

**Date: 07/10/2025** **Senior Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Aryad Block Panchayat for the Year 2024-2025.**

**1.Major Observations**

NIL

**2.Other Observations**

1. Basic financial ratios are not included in the Annual Financial Statement.
2. Cash flow statement - Net increase/Decrease in cash flow does not match with difference between the opening balance and closing balance of the cash & cash equivalents.
3. No bank balance available against the figures shown as liability for the joint venture projects.
4. The value of the land is not included in the asset register.
5. In some Projects, Mismatch found in Sulekha expenditure and the actual expenditure.
6. Expenditure of development fund (SCP) differs with Sulekha expenditure statement.

Senior Deputy Director

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്